# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ഫറോക്ക് നഗരസഭ

## ഓഡിറ്റ് റിപ്പോർട്ട് 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.14/125 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20
ഫോൺ. 0495-2371012
E-mail: ddlfakkd@yahoo.in
തീയ്യതി : 30.01.2017

ജോയിന്റ് ഡയറക്ടർ,
കോഴിക്കോട്

ചെയർപേഴ്സൺ, (സെക്രട്ടറി മുഖേന)
ഫറോക്ക് നഗരസഭ, കോഴിക്കോട്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ ഫറോക്ക് നഗരസഭയുടെ 2015-16 (01.11.2015 -31.03.2016) സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

**************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഫറോക്ക് നഗരസഭയുടെ 2015-16സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭ കൗൺസിലിന്റെ പ്രത്യേക യോഗം ചേർന്ന് ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻ മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെ പകർപ്പ് പൊതുജന ശ്രദ്ധക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടം.14, 15 എന്നിവ കാണുക.)

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23 കേരള മുനിസിപ്പാലിറ്റി പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടം.21(1),(2) എന്നിവ കാണുക.)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്:</u>

1. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
4. കാര്യാലയ പ്രതി

നം.കെ.എസ്.എ.കെ.കെ.ഡി.പി.14/125 /2017 തീയതി :30.01.17

## കോഴിക്കോട് ജില്ലയിലെ ഫറോക്ക് നഗരസഭയുടെ 2015-16 (01.11.2015-31.03.2016) സാമ്പത്തിക വർഷത്തെ

## വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്

കോഴിക്കോട് ജില്ലയിലെ ഫറോക്ക് നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ (01.11.2015 മുതൽ 31.03.2016 വരെ) ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭയിൽ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭ കൌൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭയിൽ നിന്നും സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപേര് | ശ്രീ.ഉണ്ണികൃഷ്ണൻ.പി.<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.01.2017 മുതൽ<br>28.01.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീമതി.സബിത.എസ്. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.പ്രശാന്ത്.സി.വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഷിപിൻ പീറ്റർ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| കുമാരി.അഖില.വി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർപേഴ്സൺ | ശ്രീമതി.സുഹറാബി.ടി | 01.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.പി.എം.സുരേഷ് ബാബു | 01.11.2015 മുതൽ 31.03.2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീമതി.രൂപ നാരായണൻ | കൃഷി ഓഫീസർ | 01.11.2015മുതൽ 31.03.2016വരെ |
| ഡോ.അൻവർ സാദത്ത് | വെറ്റിനറി സർജ്ജൻ | 01.11.2015മുതൽ 31.03.2016വരെ |
| ഡോ.ലാലു ജോൺസ് | മെഡിക്കൽ ഓഫീസർ<br>താലൂക്ക് ഹോസ്പിറ്റൽ(ആരോഗ്യം) | 01.11.2015മുതൽ 31.03.2016വരെ |
| ഡോ.രേണു ബാലകൃഷ്ണൻ<br>(എൻ.ആർ.എച്ച്.എം) | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | 01.11.2015മുതൽ 31.03.2016വരെ |
| ഡോ.ഷാഹിദ.ടി.പി | മെഡിക്കൽ ഓഫീസർ<br>(ആയുർവ്വേദം) | 01.11.2015മുതൽ<br>30.11.2015 വരെ |
| ഡോ.സറീന.എൻ | | 01.12.2015 മുതൽ 31.01.2016വരെ |
| ഡോ.അബ്ദുൾ വാരിസ് | | 01.02.2016 മുതൽ 29.02.2016വരെ |
| ഡോ.സറീന.എൻ | | 01.02.2016 മുതൽ 31.03.2016 വരെ |
| ശ്രീമതി.കോമളവല്ലി.പി.പി.<br>ശ്രീമതി.ടി.ഷൈമ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01.11.2015മുതൽ 31.03.2016വരെ<br>01.11.2015മുതൽ 31.03.2016വരെ |
| ശ്രീ.കെ.പി.എം.നവാസ് | അസിസ്റ്റന്റ് സെക്രട്ടറി | 01.11.2015മുതൽ 31.03.2016വരെ |
| ശ്രീ.മാർട്ടിൻ ആന്റണി<br>ശ്രീമതി.ഉഷാര.പി.ആർ | അസിസ്റ്റന്റ് എൻജിനീയർ | 01.11.2015മുതൽ 31.12.2015വരെ<br>01.01.2016മുതൽ 31.03.2016വരെ |

| | | |
|---|---|---|
| | | |
| ശ്രീ.രാധാകൃഷ്ണൻ | ഹെഡ്മാസ്റ്റർ | 01.11.2015മുതൽ 31.03.2016വരെ |
| ശ്രീമതി.ഗായത്രി.കെ.വി.<br>ശ്രീ.ബിജീഷ്.എൻ. | വി.ഇ.ഒ | 01.11.2015മുതൽ 31.03.2016വരെ<br>01.11.2015മുതൽ 31.03.2016വരെ |

<u>ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം</u>

ഈ റിപ്പോട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

| | |
|---|---|
| ഭാഗം-1പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | തനത് വരുമാനം. |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ. |
| 1-10 | സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം. |
| ഭാഗം-2<br>വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കിലെ അപാകതകൾ. |
| 2-2 | വസ്തു നികുതി ഈടാക്കുന്നതിലെ അപാകതകൾ. |

| | |
|---|---|
| 2-3 | ചട്ടങ്ങൾ പാലിക്കാതെ വ്യാപാരികളിൽ നിന്നും<br>തൊഴിൽ നികുതി ഈടാക്കുന്നു. |
| 2-4 | പരസ്യ നികുതിയും അപാകതകളും |
| 2-5 | തടി നികുതി ഈടാക്കുന്നില്ല. |
| 2-6 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ഈടാക്കുന്നില്ല. |
| 2-7 | അനധികൃത കെട്ടിട നിർമ്മാണങ്ങളും പെർമിറ്റ് നൽകലും |
| 2-8 | നഗരസഭ വക കെട്ടിടങ്ങൾ വാടകക്കു കൊടുക്കുന്നതിലെ അപാകതകൾ. |
| 2-9 | നഗരസഭ പരിധിയിലെ പുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച<br>വിവരങ്ങൾ ലഭ്യമല്ല. |
| 2-10 | നഗരസഭ പരിധിയിലെ പുറമ്പോക്ക് ഭൂമികളിൽ അനധികൃത<br>നിർമ്മാണം നടത്തി വ്യാപാര സ്ഥാപനങ്ങൾ നടത്തുന്നു. |
| 2-11 | നഗരസഭ പരിധിയിൽ സ്വകാര്യ മാർക്കറ്റുകൾ അനുമതിയില്ലാതെ<br>പ്രവർത്തിക്കുന്നു. |
| 2-12 | മുനിസിപ്പൽ പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ<br>സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. |
| 2-13 | മുനിസിപ്പാലിറ്റി പരിധിയിലുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ<br>രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. |
| ഭാഗം- 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് വിദ്യാലയം<br>നടത്തുന്നു. |
| 3-2 | ആശ്രയ ഗുണഭോക്താക്കളെ പരിഗണിക്കാതെ പദ്ധതികൾ നടപ്പാക്കുന്നു. |
| 3-3 | ബജറ്റിൽ തുക വകയിരുത്താതെയും, ഡി.പി.സി.യുടെ<br>അംഗീകാരമില്ലാതെയും, ഡി.ജി.എസ്. &.ഡി. അംഗീകാരമില്ലാത്ത<br>വാഹനം വാങ്ങി. |
| 3-4 | ജപ്പാൻ കുടിവെള്ള പദ്ധതിക്കായി തുക ഡെപ്പോസിറ്റ് ചെയ്തു.<br>സർക്കാർ നിർദ്ദേശം പാലിച്ചില്ല. |
| 3-5 | മാർഗ്ഗരേഖക്ക് വിരുദ്ധമായി ഫുട്ബോൾ കോച്ചിങ്ങ് ക്യാമ്പ് നടപ്പാക്കി. |

| | |
|---|---|
| 3-6 | തെങ്ങിന് ജൈവ വളം വിതരണം : പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |
| 3-7 | എസ് സി ഫ്ലാറ്റ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചില്ല. പിഴ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചില്ല. |
| 3-8 | മാർക്കറ്റ് റേറ്റിലും അധികം വകയിരുത്തിയിട്ട് ചെലവഴിക്കാത്ത ടാറിന്റെ വില തിരികെ ഈടാക്കിയില്ല. |
| 3-9 | തെരുവു വിളക്കുകൾ സ്ഥാപിക്കലും അറ്റകുറ്റപ്പണികളും - പ്രൊജക്ട് നടത്തിപ്പിൽ അപാകതകൾ |
| 3-10 | തെരുവു വിളക്കുകളുടെ പരിപാലനം പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 3-11 | വീട് വെക്കാൻ സ്ഥലം നൽകൽ : ലിസ്റ്റിൽ പെടാത്ത ഗുണഭോക്താവിന് ധനസഹായം നൽകി |
| 3-12 | ഭവന പുനരുദ്ധാരണ പദ്ധതി: അർഹതാ മാനദണ്ഡങ്ങൾ അന്വേഷണറിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നില്ല. |
| 3-13 | കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവക്ക് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു. |
| 3-14 | നിയമവിരുദ്ധമായി തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തുന്നു. |
| 3-15 | സ്വയം തൊഴിൽ സംരംഭങ്ങൾ പ്രവർത്തന രഹിതം. |
| 3-16 | ഐ.കെ.എം. വിന്യസിച്ച സോഫ്റ്റ് വെയറുകൾ പ്രവർത്തന വിവരംലഭ്യമാക്കേണ്ടതാണ്. |
| 3-17 | സാമൂഹ്യ സുരക്ഷാ പെൻഷൻ : വരുമാനം സംബന്ധിച്ച് അന്വേഷണറിപ്പോർട്ട് യുക്തിസഹമല്ല. |
| 3-18 | റോഡിന്റെ ഉപരിതലം ഉയർത്തൽ |
| ഭാഗം – 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |

| | |
|---|---|
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| | അനുബന്ധം - ഓഡിറ്റ് സർട്ടിഫിക്കറ്റ്. |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 05.03.2016,നം..1, (പുതുക്കിയത്) |
| മുന്നിരിപ്പ് | 6,93,22,795.97 |
| വരവ് | 8,66,46,200.00 |
| ആകെ അടങ്കൽ വരവ് | 15,60,68,995.97 |
| ആകെ അടങ്കൽ ചെലവ് | 14,83,29,200.00 |
| നീക്കിയിരിപ്പ് | 72,39,795.97 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 (01.11.2015മുതൽ 31.03.2016വരെ | 31.07.2016 | 27.10.2016 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോട്ട കൂടിയ ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം.1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 3,31,75,360 |
| വരവ് | 5,66,83,897 |
| ആകെ | 8,98,59,257 |

| | |
|---|---|
| ചെലവ് | 7,48,52,826 |
| നീക്കിയിരിപ്പ് | 1,50,06,431 |

## 1-5 ഫണ്ട് വിനിയോഗം

സംസ്ഥാന ധനകാര്യ കമ്മീഷന് നൽകിയ പത്രിക പ്രകാരമുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 11173663 | 9086652 | 20260315 | 9086652 | (-)11173663 | 0 |
| കെ.എൽ.ജി. എസ്.ഡി.പി | 0 | 1789581 | 1789581 | 178951 | - | 0 |
| ധനകാര്യകമ്മീഷൻ അവാർഡ് | 0 | 3137571 | 3137571 | 3137571 | - | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 2653863 | 2653863 | 2653863 | - | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 236 | 167 | 125 | 69 | 17.79 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 7 | 18,82,618 | 10,83,618 | 57.55 |
| വെറ്റിനറി സർജ്ജൻ | 2 | 2 | 5,96,000 | 1,31,000 | 21.97 |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 1 | 1 | 3,50,000 | 3,24,054 | 92.58 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 3,50,000 | 3,50,000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 2 | 2 | 5,87,500 | 5,00,000 | 85.10 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 6 | 56,56,900 | 41,98,288 | 74.21 |
| സെക്രട്ടറി | 38 | 22 | 6,30,90,500 | 3,37,31,436 | 53.46 |
| ഹെഡ്മാസ്റ്റർ | 6 | 3 | 20,50,000 | 18,00,000 | 87.80 |
| അസിസ്റ്റന്റ് എൻജിനീയർ | 171 | 122 | 67,86,3913 | 3,08,01,635 | 45.38 |
| ആകെ | 236 | 167 | 14,24,27,431 | 7,29,20,031 | 51.19 |

## 1-7 തനത് വരുമാനം.

| ഇനം | |
|---|---|
| നികുതി വരവുകൾ | 64,31,303 |
| നികുതിയേതര വരവുകൾ | 29,48,315 |
| ആകെ | 93,79,618 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽ രഹിത വേതനം | 96 | 123480 |
| കർഷക തൊഴിലാളി പെൻഷൻ | 314 | 100050 |
| വിധവ പെൻഷൻ | 1742 | 289960 |
| വികലാംഗ പെൻഷൻ | 471 | 208915 |
| വാർദ്ധക്യകാല പെൻഷൻ | 2981 | 759600 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 145 | 26800 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.01.2017 (10.00 am) ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 40,687/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-10 സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം (ഗ്രാമപഞ്ചായത്തായിരുന്ന കാലയളവിൽ)

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.11.2015 | 1.8.2015 മുതൽ 31.10.2015 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | സെപ്റ്റംബർ 2014 | 2009-10 മുതൽ 2013-14 വരെ | -- |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ.

ഫറോക്ക് നഗരസഭയുടെ 2015-16 വാർഷിക കണക്കുകൾ (1-11-2015 മുതൽ 31-3-2016) വരെയുള്ള കാലയളവിലെ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. RP.41 പ്രകാരം അഡ്വാൻസ് നൽകിയത് 13,64,005/- രൂപയാണ്. അഡ്വാൻസ് രജിസ്റ്റർ പ്രകാരം 13,41,063/-രൂപയാണ്.

2. ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്റർ എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
5. നിർവ്വഹണോദ്യോഗസ്ഥരുടെ ബില്ലുകൾ പ്രകാരം ഈടാക്കിയ വാറ്റ്, ആദായ നികുതി,നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ ധനകാര്യ പത്രികയിൽ ബന്ധപ്പെട്ട ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
6. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി.11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ (8,92,53,935/-) കൃത്യത വ്യക്തമല്ല.
7. 31-10-2015 വരെയുള്ള ചെലവ് വാർഷിക കണക്ക് പ്രകാരം 3,35,50,323/- രൂപയാണ്. ആയതിന് ശേഷമുള്ള ചെലവുകളുടെ വിവരങ്ങൾ നഗരസഭയുടെ ഫങ്ഷൻ & ഫങ്ഷനറിയിൽ ഉൾപ്പെടുത്താതെയാണ് ചെയ്തിരിക്കുന്നത്.

മേൽ വിശദീകരിച്ച കാരണങ്ങളാൽ ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രിക ശരിയായ രീതിയിൽ നഗരസഭയുടെ കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-2 വസ്തു നികുതി ഈടാക്കുന്നതിലെ അപാകതകൾ.

എ)വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല

14.01.2011 ലെ സ.ഉ (അ) 18/2011 ത.സ്വ.ഭ.വ പ്രകാരം മുനിസിപ്പാലിറ്റിയിൽ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതുണ്ട്. 08.01.2016 ന് ചേർന്ന ഭരണസമിതി യോഗത്തിൽ വിവിധ ഉപയോഗക്രമങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പുനർ നിർണ്ണയിക്കുന്നതിന് നടപടിക്രമങ്ങൾ ആരംഭിക്കുവാൻ തീരുമാനമെടുത്തെങ്കിലും വസ്തുനികുതി നിരക്കുകൾ പ്രസിദ്ധപ്പെടുത്തി കരട് വിജ്ഞാപനം ഓഡിറ്റ് കാലയളവു വരെയും പുറപ്പെടുവിച്ചിട്ടില്ല. മുനിസിപ്പാലിറ്റി രൂപീകരിച്ചിട്ട് 1 വർഷം കഴിഞ്ഞിട്ടും പ്രസ്തുത വിഷയത്തിൽ നടപടി കൈക്കൊണ്ടില്ല. ആയതിനാൽ വസ്തുനികുതിയിൽ ഗണ്യമായ കുറവ് സംഭവിക്കുന്നുണ്ട്. അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 34/15-16,24.1.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി പുനർനിർണ്ണയത്തിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതും പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ബി)വ്യപാര സ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യം/ഓഫീസ് ആവശ്യം എന്നീ നിരക്കിൽ വസ്തുനികുതി ഡിമാന്റ് ചെയ്യുന്നു.

ഡി.&.ഒ രജിസ്റ്റർ, വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ (form 6) എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങൾ വാണിജ്യാവശ്യത്തിനുപയോഗിക്കുന്നതും പാർപ്പിടാവശ്യം നികുതി ചുമത്തപ്പെട്ടവയുമാണ്. ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമ നം | അപേക്ഷാ നമ്പർ (ഡി.&.ഒ രജിസ്റ്റർ പ്രകാരം) അപേക്ഷകന്റെ പേര്, സ്ഥാപനം | കെട്ടിട നമ്പർ (ഡി.&.ഒ രജിസ്റ്റർ പ്രകാരം) | വസ്തുനികുതി ( സഞ്ചയ അസസ്മെന്റ് പ്രകാരം) |
|---|---|---|---|
| 1 | 69<br>ശ്രീ.ബീരാൻകോയ,ദേവസത്തിൽ, സ്റ്റേഷനറി | 2/38 | പാർപ്പിടാവശ്യം<br>നികുതി 125/- രൂപ |
| 2 | 82<br>ശ്രീ.പി.ചന്ദ്രൻ, കോലാളിത്തറ, തീപ്പെട്ടിക്കൊള്ളി നിർമ്മാണം | 2/326 | പാർപ്പിടാവശ്യം<br>നികുതി 567/-രൂപ |
| 3 | 23<br>മൊയ്തീൻകുട്ടിഹാജി, ബിൻസാഗർ സ്വീറ്റ്സ് ആന്റ് കൂൾബാർ | 6/440 | പാർപ്പിടാവശ്യം<br>നികുതി 92/- രൂപ |

ടി കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതും പാർപ്പിടാവശ്യം, ഓഫീസ് ആവശ്യം എന്നിവയ്ക്ക് നികുതി ചുമത്തപ്പെട്ടവയും ആണ്. ടി കെട്ടിടങ്ങൾ ഉപയോഗക്രമം മാറ്റുന്നതിന് പഞ്ചായത്തിന്റെ അനുമതി നേടിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (28/15-16, 23.1.2017) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ അസസ്മെന്റ് പരിശോധിച്ച് ടി കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുള്ള വസ്തുനികുതി ചുമത്തപ്പെട്ടവയാണെന്ന്

ഉറപ്പുവരുത്തേണ്ടതും അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ കുറ്റമറ്റതാക്കേണ്ടതുമാണ്. ഒക്യുപൻസി മാറ്റാതെ കെട്ടിടം ഉപയോഗിക്കുന്ന ഉടമകളുടെ കാര്യത്തിൽ 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ, ചട്ടം 17 പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

സി)മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയിക്കുമ്പോൾ തറവിസ്തീർണ്ണം പൂർണ്ണമായി ഉൾപ്പെടുത്തുന്നില്ല.

നഗരസഭ പരിധിയിലെ മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയം നടത്തുമ്പോൾ തറവിസ്തീർണ്ണം പൂർണ്ണമായി ഉൾപ്പെടുത്തുന്നില്ല. മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയിക്കുമ്പോൾ ടവറിന്റെ തറവിസ്തീർണ്ണം അനുബന്ധ കെട്ടിടങ്ങളുടെ (ഡി.ജി.റൂം, അനുബന്ധ മുറികൾ) വിസ്തീർണ്ണം ഉൾപ്പെടെയാണ് തറവിസ്തീർണ്ണം കണക്കാക്കേണ്ടത്. എന്നാൽ മുനിസിപ്പാലിറ്റിയിൽ നികുതി നിർണ്ണയം നടത്തിയിരിക്കുന്നത് ടവറിന്റെ തറവിസ്തീർണ്ണം ഒഴികെയാണ്. ഉദാഹരണം താഴെ കൊടുക്കുന്നു.

ശ്രീ. ശ്രീകൃഷ്ണൻ, പൂതേരിത്തൊടി, 18/338, ഫറോക്ക് എന്നവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 18/132 നമ്പറിലുള്ള മൊബൈൽ ടവർ നിലനിൽക്കുന്നുണ്ട്. സഞ്ചയ അസസ്മെന്റിൽ കെട്ടിടഉടമയുടെ പേര് അലക്സ്മാത്യു ആണ്. (form6) അസസ്മെന്റ് പ്രകാരം പ്രസ്തുത ടവറിന്റെ തറവിസ്തീർണ്ണം 18.6 ആണ്. ച.മീ ന് 500 രൂപ നിരക്കിൽ 9,300/- രൂപയാണ് അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്. 24.01.2017 ന് ഹെൽത്ത് ഓഫീസർ, എൽ.എസ്.ജി.ഡി. ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രസ്തുത സ്ഥലത്ത് നിലനിൽക്കുന്ന മൊബൈൽ ടവറിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും വിസ്തീർണ്ണം താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട തരം | നീളം | വീതി | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | മൊബൈൽ ടവർ | 19.6 | 19.6 | 384.16 |
| 2 | ഡി ജി റൂം | 13.6 | 9.1 | 123.76 |
| 3 | അനുബന്ധ കെട്ടിടങ്ങൾ | 4.1 | 9.5 | 38.95 |
| 4 | | 6.8 | 5 | 34 |
| 5 | | 3.4 | 7.3 | 24.82 |
| | | | ആകെ വിസ്തീർണ്ണം | 605.69 |

അടിസ്ഥാന വസ്തു നികുതി നിർണ്ണയം

ആകെ തറവിസ്തീർണ്ണം = 605.69 ച.മീ

മൊബൈൽ ടെലഫോൺ ടവറിന്റെ അടിസ്ഥാന വസ്തുനികുതി നിരക്ക് = 500 രൂപ

ഈടാക്കേണ്ട വസ്തു നികുതി, = 605.69X500 = 3,02,845/-

ലൈബ്രറി സെസ്സ് (5%) = 3,02,845 x 5 % = 15,142.25/-

ആകെ = 3,02,845 + 15,142.25 = 3,17,987.25 = 3,17,988/- രൂപ

മൊബൈൽ ടവറിന്റെ തറവിസ്തീർണ്ണം നികുതി നിർണ്ണയിക്കുമ്പോൾ ഉൾപ്പെടുത്താത്തതിനാൽ നികുതി ഇനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്. സമാന രീതിയിൽ മറ്റ് മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഇനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

വസ്തുനികുതി ഈടാക്കിയിട്ടില്ല

പ്രസ്തുത ടവറിനോടൊപ്പമുള്ള അനുബന്ധ മുറികളുടെ വസ്തു നികുതി 2011-12 വർഷം വരെ ഈടാക്കിയിട്ടുണ്ട് (രശീതി നമ്പർ 40996/48, dt 31.3.2012). സഞ്ചയ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2011-12 ന ശേഷം വസ്തുനികുതി ഈടാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 48/15-16, 25.1.17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുനിസിപ്പൽ പ്രദേശത്തെ എല്ലാ മൊബൈൽ ടവറിന്റെയും വിസ്തീർണ്ണം പൂർണ്ണമായി ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. മൊബൈൽ ടവറുകളുടെ വസ്തു നികുതി, കുടിശ്ശിക ഇല്ലാതെ ഈടാക്കേണ്ടതുമാണ്.

ഡി)മൊബൈൽ ടവറുകൾക്ക് കെട്ടിട നമ്പർ നൽകി വസ്തു നികുതി ഈടാക്കുന്നില്ല.

1999 ലെ കേരള മുനിസിപ്പാലിറ്റ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം.130 പ്രകാരം നഗരസഭ പരിധി പ്രദേശങ്ങളിൽ യാതൊരാളും, ഏതെങ്കിലും സർക്കാരിതര വാർത്താ വിനിമയ ഗോപുരങ്ങൾ [വാർത്താ വിനിമയ ഉണ് നിർമ്മാണങ്ങളോ, അനുബന്ധ മുറികളോ] സെക്രട്ടറിയിൽ നിന്നും പ്രത്യേകം അനുവാദം ലഭിക്കാതെ

നിർമ്മിക്കുവാനോ അല്ലെങ്കിൽ പുനർനിർമ്മിക്കുവാനോ അല്ലെങ്കിൽ മാറ്റം വരുത്തുവാനോ, അവ ചെയ്യിക്കുവാൻ ഇടയാക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. നഗരസഭ പരിധികളിലെ ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ എസ്.ആർ.ഒ.നമ്പർ 34/2011 പ്രകാരം ഗസ്റ്റിൽ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഈ നിരക്കുകൾ 2011ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്.

24.01.2017 ന് ഹെൽത്ത് ഓഫീസർ, എൽ.എസ്.ജി.ഡി. ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ നഗരസഭ കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന ഫറോക്ക് ടൌൺ, ചുങ്കം, പേട്ട എന്നീ പരിസരങ്ങൾ നേരിട്ട് പരിശോധിച്ചതിൽ നിന്നും 15 മൊബൈൽ ടവറുകൾ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തിക്കുന്നതായി കാണുവാൻ കഴിഞ്ഞു. എന്നാൽ കാര്യാലയത്തിൽ സൂക്ഷിക്കുന്ന വസ്തു നികുതി ഡിമാന്റ് രജിസ്റ്ററുകൾ പ്രകാരം 5 മൊബൈൽ ടവറുകളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

നഗരസഭ പരിധിയിലെ മൊബൈൽ ടവറുകളുടെ വിവരങ്ങൾ ലഭ്യമായിരുന്നിട്ടും മേൽ ടവറുകൾക്ക് കെട്ടിട നമ്പർ അനുവദിക്കാതെ വസ്തു നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, നിലവിൽ എത്ര മൊബൈൽ ടവറുകൾ ഉണ്ടെന്നും ആയതിന്റെ ഉടമസ്ഥന്റെ പേര്, ടവറുകളുടെയും അനുബന്ധ കെട്ടിടങ്ങളുടേയും വിസ്തീർണ്ണം, ഈടാക്കിയ വസ്തു നികുതി, അനധികൃതമായി നിർമ്മിച്ചതിന്റെ പിഴ, UA പ്രകാരമുള്ള വസ്തു നികുതി തുടങ്ങിയ വിശദാംശങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

ഇ)സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല.

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 233 (1) പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും ആക്ടിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും അനുസൃതമായി വസ്തുനികുതി ചുമത്തേണ്ടതാണ്. എന്നാൽ മുനിസിപ്പാലിറ്റി പ്രദേശത്തെ താഴെ പറയുന്ന കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കിയിട്ടില്ല.

1. പോലീസ് സ്റ്റേഷൻ, ഫറോക്ക്
2. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ
3. എ.ഇ.ഒ ഓഫീസ്
4. സബ് രജിസ്ട്രാർ ഓഫീസ്, ഫറോക്ക്

മേൽ പറഞ്ഞ സ്ഥാപനങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 2-3 ചട്ടങ്ങൾ പാലിക്കാതെ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നു.

2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി)ചട്ടങ്ങളിലെ, ചട്ടം 3(2) പ്രകാരം നഗരസഭാ പരിധിയിൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരേയും, കമ്പനികളേയും, ബിസിനസ്സ് നടത്തുന്നവരേയും തൊഴിൽ നികുതി ചുമത്തേണ്ട ആവശ്യത്തിനായി ഏതെല്ലാം വിഭാഗങ്ങളായി തരം തിരിക്കണമെന്നും, ഓരോ വിഭാഗത്തിനും ചുമത്താവുന്ന അർദ്ധ വാർഷിക നികുതി എത്രയായിരിക്കണം എന്നുള്ളതും വിശദീകരിച്ചിട്ടുണ്ട്. സെക്രട്ടറി മേൽ വിവരിച്ച തരത്തിലുള്ള വ്യക്തികളേയും, സ്ഥാപനങ്ങളേയും ബാധകമായ വിഭാഗത്തിൽപെടുത്തി ആ വിഭാഗത്തിന് ബാധകമായ ഉയർന്ന നിരക്കിലുള്ള നികുതി ചുമത്തേണ്ടതാണ് (പരമാവധി ഉയർന്ന നിരക്ക് 1250/- രൂപ). നികുതിദായകർ തങ്ങളുടെ നികുതിക്ക് വിധേയമായ വരുമാനം രേഖാമൂലം സെക്രട്ടറിയെ ബോദ്ധ്യപ്പെടുത്തുന്ന പക്ഷം അതനുസരിച്ച് ചട്ടം 3(1) ലെ പട്ടികയിൽ വിവരിച്ച പ്രകാരമുള്ള നികുതി സെക്രട്ടറിക്ക് നിർണ്ണയിച്ച് നൽകാവുന്നതാണ്. എന്നാൽ നഗരസഭ പരിധിയിൽ ബിസിനസ്സ് നടത്തുന്നവരിൽ നിന്നും, സ്വയം തൊഴിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും, കമ്പനികളിൽ നിന്നും മേൽ ചട്ടത്തിൽ അനുശാസിക്കും പ്രകാരമുള്ള രീതിയിലല്ല തൊഴിൽ നികുതി ചുമത്തുന്നത്. ഇത് കാരണം നഗരസഭ ഫണ്ടിന് നികുതിയിനത്തിൽ വലിയ നഷ്ടം സംഭവിക്കുന്നുണ്ട്.

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററുകൾ, പിരിവ് ജീവനക്കാരുടെ രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും, മേൽ പറഞ്ഞ വിഭാഗത്തിൽപെട്ടവരുടെ തൊഴിൽ/ബിസിനസ്സ്, വാർഷിക വരുമാനം തുടങ്ങിയ വിശദാംശങ്ങൾ നഗരസഭ ജീവനക്കാർ തന്നെ മുൻകൂട്ടി ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തി, ഈടാക്കേണ്ട നികുതി എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയ നികുതി നിരക്കുകൾ ഭൂരിഭാഗവും 120/-, 180/-, 360/- രൂപ നിരക്കുകളിലുള്ളതാണ്. അതായത് നികുതിദായകർ തങ്ങളുടെ വരുമാനം സംബന്ധിച്ചുള്ള പത്രിക രേഖാമൂലം സെക്രട്ടറിക്ക് നൽകാതെ തന്നെ നികുതിയിൽ ഇളവ് അനുവദിക്കുകയാണ് ചെയ്തത്. ഇത് ചട്ട വിരുദ്ധമായ നടപടിയും, നഗരസഭ ഫണ്ടിന് നഷ്ടം വരുത്തിവയ്ക്കുന്ന പ്രവർത്തനവുമാണ്. നഗരസഭയിലെ 38 വാർഡുകളിലായി 4000 ത്തിനു മുകളിൽ വ്യാപാര സ്ഥാപനങ്ങൾ ഉള്ളതായി സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും കാണുവാൻ കഴിഞ്ഞു. നഗരസഭ ഫണ്ടിന് തൊഴിൽ നികുതിയിനത്തിൽ പ്രതിവർഷം നഷ്ടമാകുന്ന തുകയുടെ തോത് രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടത്താതതിനാൽ ഓഡിറ്റ് കാലയളവിൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

സർക്കാർ പുറപ്പെടുവിച്ച ചട്ടങ്ങൾ നഗരസഭ പരിധിയിൽ നടപ്പാക്കുന്നതിനായി വൈഷമ്യങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ നഗരസഭ അധികൃതർക്ക് ചട്ടം 12 പ്രകാരം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്താവുന്ന സാഹചര്യം ഉണ്ടായിരുന്നെങ്കിലും മേൽ നടപടികളും നഗരസഭയുടെ ഭാഗത്ത് നിന്നും ഓഡിറ്റ് കാലയളവു വരെ ഉണ്ടായിട്ടില്ല.

നിയമവിരുദ്ധമായി നികുതി നിരക്കുകളിൽ ഇളവ് അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-4 പരസ്യ നികുതിയും അപാകതകളും

എ)നഗരസഭ പരിധിയിൽ സെക്രട്ടറിയുടെ അനുമതിയില്ലാതെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നു.

1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 272 (1) പ്രകാരം ഒരു മുനിസിപ്പാലിറ്റി പരിധി പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചുവയ്ക്കുകയോ ചെയ്യുന്നതിന് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. വകുപ്പ് 276 പ്രകാരം പരസ്യങ്ങൾക്ക് ചുമത്താവുന്ന ഏതൊരു നികുതിയും പിരിക്കാനുള്ള അവകാശം സെക്രട്ടറിക്ക് വകുപ്പ് 567 പ്രകാരം ഉണ്ടാക്കിയ ബൈലാകളിൽ വ്യവസ്ഥ ചെയ്യാപ്പെടാവുന്ന ഉപാധികളിൻമേലും നിബന്ധനകളിൻമേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതാണ്.

നഗരസഭ പരിധിയിലെ വിവിധ പ്രദേശങ്ങളിൽ പ്രദർശിപ്പിച്ച പരസ്യങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് ആയവ സ്ഥാപിച്ചതുമായി സെക്രട്ടറി നൽകിയ അനുമതി പത്രങ്ങൾ, പരസ്യ ബോർഡുകളുടെ എണ്ണം, വലിപ്പം ചുവർ പരസ്യങ്ങൾ തുടങ്ങിയവയും, പരസ്യ നികുതി ഈടാക്കുന്നതിനായി തയ്യാറാക്കിയ ബൈലാ, നികുതി ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ എന്നിവയും പരിശോധനക്ക് ലഭ്യമാക്കുവാൻ 19.01.2017ന് ഓഡിറ്റ് അന്വേഷണകുറിപ്പ് (14/15-16) മുഖേന സെക്രട്ടറിയോട് ആവശ്യപ്പെട്ടു. ഇതിന് സെക്രട്ടറി നൽകിയ മറുപടിയിൽ നിലവിൽ ബൈലാ ഇല്ലാതെയാണ് പരസ്യങ്ങൾക്ക് നികുതി പിരിക്കുവാൻ അനുമതി നൽകുന്നതെന്നും, നഗരസഭ പരിധിയിൽ എത്ര പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടെന്നുള്ള വിവരം ഇല്ല എന്ന് ബോധിപ്പിച്ചിട്ടുണ്ട്.

സെക്രട്ടറിയുടെ മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. നഗരസഭ പരിധിയിലെ പരസ്യങ്ങളുടെ എണ്ണം, പരസ്യ ബോർഡുകൾ, ആയവയുടെ വലിപ്പം, പരസ്യങ്ങൾ പ്രദർശിപ്പിച്ച സ്ഥലങ്ങൾ, ഉടമസ്ഥന്റെ പേര്, പരസ്യം പ്രദർശിപ്പിക്കുവാൻ സെക്രട്ടറി അനുമതി നൽകിയ പത്രികകൾ, ബൈലായുടെ അംഗീകാരങ്ങൾ തുടങ്ങിയവ സഹിതം മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. നിലവിൽ സെക്രട്ടറിയുടെ അനുമതിയില്ലാതെ പ്രദർശിപ്പിച്ച പരസ്യങ്ങൾക്ക് ഉത്തരവാദികളായവരിൽ നിന്നും1994 ലെ കേരള മുനിസിപ്പൽ നിയമം , വകുപ്പ് 275 (2), പട്ടിക .4 പ്രകാരം 5,000/- രൂപ പിഴ ഈടാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ബി)സർക്കാർ അനുമതിയില്ലാതെ കൈമാറികിട്ടിയ സ്ഥാപനത്തിൽ പരസ്യബോർഡുകൾ സ്ഥാപിച്ചു.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ്. 30(1) ഒന്നാം പട്ടിക പ്രകാരം സർക്കാർ പ്രീ-പ്രൈമറി, പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളുടെ നടത്തിപ്പാണ് മുനിസിപ്പാലിറ്റികൾക്ക് അനുവദനീയമായ ചുമതല. 18.01.1996ലെ (എം.എസ്)14/96/പൊ.വി. നമ്പർ ഉത്തരവിലൂടെ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും, നടപ്പാക്കേണ്ട പദ്ധതികളും എന്തെല്ലാമാണ് സംബന്ധിച്ച പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കൈമാറ്റം ചെയ്യപ്പെട്ട സർക്കാർ സ്ഥാപനങ്ങളോടനുബന്ധിച്ചുള്ള വസ്തുവകകൾ അതതു തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാണെങ്കിലും അവയുടെ ഉടമസ്ഥാവകാശം ഇപ്പോഴും സർക്കാരിൽ തന്നെ നിക്ഷിപ്തമാണ്. അവ വിൽക്കാനോ, കൈമാറ്റം ചെയ്യാനോ, അന്യാധീനപ്പെടുത്താനോ, കടപ്പെടുത്തുവാനോ മുനിസിപ്പാലിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതല്ല [വകുപ്പ്.30(7)].

03.11.1999 ലെ 31259/പി.2/99/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടെ വക വസ്തുക്കളുടെ ദുരുപയോഗം തടയുന്നതിനായി സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സർക്കുലർ പ്രകാരം കൈമാറ്റം ചെയ്ത ഒരു സർക്കാർ സ്ഥാപനത്തോടനുബന്ധിച്ചുള്ള വസ്തുവകകൾ ആ സ്ഥാപനത്തിന്റെ ആവശ്യങ്ങൾക്കു മാത്രം ഉപയോഗപ്പെടുത്തേണ്ടതാണെന്നും മറ്റ് യാതൊരു സംരംഭത്തിനും അവ ഉപയോഗപ്പെടുത്തിക്കൂടാ എന്നും ഇക്കാര്യത്തിൽ ഏതെങ്കിലും സംശയം ഉദിക്കുന്നപക്ഷം സർക്കാരിന്റെ ഉപദേശം ആരായേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ മേൽ നിയമത്തിലെയും, സർക്കുലറിലേയും വ്യവസ്ഥകൾ പാലിക്കാതെ മുനിസിപ്പാലിറ്റിക്ക് കൈമാറിക്കിട്ടിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൌണ്ടിൽ 9 പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനായി സെക്രട്ടറി അനുമതി നൽകുകയും, പരസ്യ ബോർഡുകളിൽ നിന്നും നികുതി ഈടാക്കുന്നതിനായി ലേലം മുഖേന കുത്തകയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

അപാകത പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും കൈമാറികിട്ടിയ വിദ്യാലയത്തിൽ നിന്നും പരസ്യ ബോർഡുകൾ നീക്കം ചെയ്തത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-5 തടി നികുതി ഈടാക്കുന്നില്ല.

1994 ലെ കേരള മുനിസിപ്പൽ നിയമം വകുപ്പ് 277പ്രകാരം ഒരു നഗരസഭ പ്രദേശത്തിനുള്ളിലേക്ക് റെയിൽ മാർഗ്ഗമോ റോഡ് മാർഗ്ഗമോ ജലമാർഗ്ഗമോ കൊണ്ട് വരുന്ന തടികൾക്ക് നഗരസഭ കൗൺസിൽ പ്രമേയം മൂലം തീരുമാനിച്ച് നിരക്ക് നിശ്ചയിച്ച് നികുതി ഈടാക്കാവുന്നതാണ്. 2015-16 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും നഗരപ്രദേശത്തെ വിവിധ വാർഡുകളിൽ മരവ്യവസായം, വില്പന, മരമിൽ നടത്തിപ്പ് എന്നിവക്ക് ലൈസൻസ് അനുവദിക്കുകയും മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത വ്യാപാരികളിൽ നിന്നും തടിനികുതി ഈടാക്കുന്നതിനായി നഗരസഭയിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. തടിനികുതി ഈടാക്കുവാൻ കാലതാമസമില്ലാതെ നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ഈടാക്കുന്നില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 230(4) പ്രകാരം ഓരോ മുനിസിപ്പാലിറ്റിക്കും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസ്റ്റ് നമ്പർ 80 ൽ 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 35/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം മുനിസിപ്പാലിറ്റി പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവനഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടിക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2015-16 സാമ്പത്തിക വർഷത്തിൽ നഗരസഭയിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനം | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് കത്തിക്കൽ | 11,18,716 |

നിയമപരമായി നഗരസഭ ഫണ്ടിന് ലഭിക്കേണ്ട സേവന ഉപനികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ആയത് ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-7 അനധികൃത കെട്ടിട നിർമ്മാണങ്ങളും പെർമിറ്റ് നൽകലും

എ) പുറംമ്പോക്ക് ഭൂമി കൈയ്യേറി അനധികൃത കെട്ടിടനിർമ്മാണം നടത്തി.

| | |
|---|---|
| കെട്ടിട ഉടമസ്ഥന്റെ പേര്, മേൽവിലാസം | ശ്രീ.കെ.സി.മധു എന്ന നിഷീദ്,<br>വിജയ് വിഹാർ, ഫറോക്ക് |
| പെർമിറ്റ് നം, തീയ്യതി | 581/2006-07 തി.21.12.2006 |
| വില്ലേജ്, റീ.സ, നം, പ്ലോട്ട് വിസ്തീർണ്ണം | ഫറോക്ക്, 152/8A, 152/7, 14.1 സെന്റ് = 570.58 ച.മീ |
| കെട്ടിടത്തിന് അനുവദിക്കപ്പെട്ട നമ്പറുകൾ | 6/695 A മുതൽ Z വരെ, 6/695Z1 |
| നിലവിലെ വിസ്തീർണ്ണം (ച.മീ) - 1396 | G.F.- 698 + F.F - 698 |

ശ്രീ.കെ.സി.മധുവിന്റെ ഉടമസ്ഥതയിൽ ഫറേക്ക് ബസ്സ്റ്റാന്റിന് സമീപത്ത് നിലവിലുള്ള കെട്ടിടത്തിനോട് രണ്ടും മൂന്നും നിലകൾ കൂട്ടിചേർക്കുന്നത് ക്രമവൽക്കരിക്കുന്നതിനാണ് അപേക്ഷിച്ചത്. ഫയൽ പരിശോധനയിലും

സ്ഥലപരിശോധനയിലും കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകളില്ല.

570.58 ച.മീ (14.1 സെന്റ്) വിസ്തൃതിയുള്ള ഭൂമിയിൽ ഏതൊരു നിലയിലെയും പരമാവധി നിർമ്മിത വിസ്തീർണ്ണം 456.46 ച.മീ ആയിരിക്കെ 689 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടമാണ് നിലവിലുള്ളത് (Ground Floor). കെട്ടിടം ഫറോക്ക് വില്ലേജിൽ റിസർവ്വെ 152/8A, 152/7 ൽ ഉൾപ്പെട്ട 14.1 സെന്റ് സ്ഥിതിചെയ്യുന്നു. അധികമായുള്ള അളവിൽ കെട്ടിടം നില്ക്കുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ പെർമിറ്റിനോടൊപ്പം ഉടമസ്ഥൻ ഹാജരാക്കിയിട്ടില്ല. ഫറോക്ക് വില്ലേജ് ഓഫീസറിൽ നിന്നും നേരിൽ കേട്ട് അറിയുവാൻ സാധിച്ചത് 152/8A യോട് ചേർന്നുള്ള 152/8B റവന്യൂ രേഖകളിൽ പുറംമ്പോക്ക് ഭൂമിയാണെന്നാണ്. അധികമായ അളവിൽ നിൽക്കുന്ന കെട്ടിടം പുറംമ്പോക്ക് ഭൂമി കയ്യേറിയാണോ നിർമ്മാണം നടത്തിയിരിക്കുന്നത് എന്ന് പരിശോധിക്കേണ്ടതാണ്.

2) പാർക്കിംഗിനായി അനുവദിക്കപ്പെട്ട സ്ഥലം ഷോപ്പുകളായി തരം മാറ്റി ഉപയോഗിക്കുന്നു.

പ്രാദേശിക പരിശോധനയിൽ കെട്ടിടത്തിന്റെ പാർക്കിംഗിനായി അനുവദിക്കപ്പെട്ട സെല്ലാർ ഫ്ലോറിൽ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുവാൻ കഴിഞ്ഞു. ആയതിൽ ഒരു പാരാമെഡിക്കൽ സ്ഥാപനവും ഉൾപ്പെടുന്നുണ്ട്. ടി റൂമുകൾക്ക് നമ്പർ, ഡി.ആന്റ്.ഒ. ലൈസൻസ് എന്നിവ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3) പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

ടി കെട്ടിടം 2006-07 വർഷത്തിൽ ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ട്. നാളിതുവരെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. എന്നാൽ പ്രാദേശിക പരിശോധനയിൽ പ്രസ്തുത കെട്ടിടത്തിന്റെ രണ്ടും മൂന്നും നിലകൾ പൂർത്തിയാക്കുകയും നാലാം നില അനുമതി ഇല്ലാതെ നിർമിച്ചിട്ടുമുണ്ട്. നിലവിൽ കെട്ടിടത്തിൽ ഓഫീസ്, വാണിജ്യം, വിദ്യാഭ്യാസം എന്നീ ആവശ്യാർത്ഥം ഉപയോഗിക്കുന്നതായി കാണുവാൻ കഴിഞ്ഞു. നാളിതുവരെ കെട്ടിട നിർമ്മാണ പൂർത്തീകരണ സർട്ടിഫിക്കറ്റ് ഉടമസ്ഥൻ ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ വസ്തു നികുതിയിനത്തിൽ വലിയ നഷ്ടം പഞ്ചായത്ത്/നഗരസഭ ഫണ്ടിന് സംഭവിച്ചിട്ടുണ്ട്.

4) വ്യാപ്തി, തറവിസ്തീർണ്ണാനുപാതം

പഞ്ചായത്തിൽ സമർപ്പിച്ച പ്ലാനിൽ തറവിസ്തീർണ്ണാനുപാതം, വ്യാപ്തി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. പ്ലോട്ട് വിസ്തീർണ്ണം ലഭ്യമല്ലാത്തതിനാൽ വ്യാപ്തി, തറവിസ്തീർണ്ണാനുപാതം കണക്കാക്കാൻ സാധിച്ചില്ല. നിലവിൽ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം (4 നിലകൾ, സെല്ലാർ ഫ്ലോർ ഉൾപ്പെടെ ) = 4188 ച.മീ

| | |
|---|---|
| പ്ലോട്ട് വിസ്തീർണ്ണം | ഏതൊരു നിലയിലെയും പരമാവധി നിർമിത വിസ്തീർണ്ണം X 100<br>വ്യാപ്തി |
| | 698X100<br>80 |
| | = 872.5 ച.മീ (21.55 സെന്റ്) |

ടി കെട്ടിടം സ്ഥാപിക്കാൻ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 1999 ചട്ടം 81 പ്രകാരം വേണ്ട പരിമിത വിസ്തീർണ്ണം 21.55 സെന്റ് ആകുന്നു. പ്രസ്തുത കെട്ടിടം നിർമ്മിക്കാൻ കെട്ടിടനിർമ്മാണ ചട്ടം അനുശാസിക്കുന്ന പരിമിത പ്ലോട്ട് വിസ്തീർണ്ണം 21.55 സെന്റ് ആയിരിക്കെയാണ് 14.1സെന്റിൽ നിർമ്മാണം നടത്തിയിരിക്കുന്നത്.

വാണിജ്യകെട്ടിടത്തിന്റെ പരമാവധി തറവിസ്തീർണ്ണാനുപാതം 2.5 ഉം ച.മീ ന് അധിക ഫീസ് ചുമത്തിക്കൊണ്ട് (ച.മീ ന് 3000 രൂപ നിരക്കിൽ) 4 വരെ അനുവദിക്കാവുന്നതാണ്. എന്നാൽ അധിക തറവിസ്തീർണ്ണത്തിനുള്ള ഫീ ചുമത്തി നൽകിയിട്ടില്ല.

കെട്ടിടം 21.55 സെന്റിൽ നിലനിന്നാൽ തന്നെയും അനുവദനീയമായ F.A.R പരിധി ലംഘിക്കുന്നതാകുന്നു.

| | |
|---|---|
| F.A.R | 4188 / 872.5 = 4.8 |

5) അഗ്നിശമന സേനയുടെ അംഗീകാര സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ക്രമവൽക്കരിച്ച് നൽകി.

ചട്ടം 56(3 j) പ്രകാരം തറനിരപ്പിൽ നിന്ന് ഇരു നിലകൾ കവിയുന്ന കച്ചവട കൈവശഗണത്തിലെ കെട്ടിടങ്ങളുടെ കാര്യത്തിൽ അഗ്നിശമന സേന ഡയറക്ടറിൽ നിന്നോ അല്ലെങ്കിൽ ഇതിനായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ ഒരു അംഗീകാര സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. എന്നാൽ അംഗീകാര സാക്ഷ്യപത്രത്തിന്റെ അഭാവത്തിലും ക്രമവൽക്കരിച്ച് നൽകി.

6) ചട്ട പ്രകാരമുള്ള വ്യവസ്ഥകൾ വിധേയമാക്കാതെയുള്ള നിർമ്മാണം

ചട്ടം 28(ii) പ്രകാരം തെരുവിനോട് ചേർന്നുള്ള ഓരോ വാണിജ്യപ്ലോട്ടിന്റെയും മുറ്റത്തിന് ഏറ്റവും ചുരുങ്ങിയത് 6 മീ. വീതിയുണ്ടാകേണ്ടതാണ്. പ്ലാനിൽ ശരാശരി 3.5 മീ ആണ്.

കെട്ടിടത്തിന് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 ചട്ടം 34 (2) പ്രകാരമുള്ള പാർക്കിംഗ് ഏർപ്പെടുത്തേണ്ടതാണ്. 125 ച.മീ കുറയാത്ത പാർക്കിംഗ് ആവശ്യമാണ്. പ്ലാനിൽ പാർക്കിംഗ് കാണിച്ചിട്ടില്ല.

ചട്ടം 42(b) പ്രകാരം ഭൂനിരപ്പിന് മുകളിൽ രണ്ട് നിലകളിൽ കൂടുതലുള്ള പാർപ്പിടാവശ്യത്തിൽ പെടാത്ത കെട്ടിടങ്ങൾക്ക് അഗ്നിരക്ഷാ കോണിപ്പടി ഏർപ്പെടുത്തേണ്ടതാണ്. അഗ്നസുരക്ഷാകോണിപ്പടി പ്ലാനിൽ കാണിച്ചിട്ടില്ല.

7) എ) ഒക്യുപൻസി മാറ്റാതെ കെട്ടിടം ഉപയോഗിക്കുന്നു

വാണിജ്യാവശ്യത്തിനാണ് കെട്ടിടം നിർമ്മിച്ചത്. എന്നാൽ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ഓഫീസുകളും രണ്ടാം നിലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. കെട്ടിടത്തിന്റെ ഒക്യുപൻസി മാറ്റുന്നതിന് അനുമതി നേടിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 56/2015-16, 27.1.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി സമർപ്പിക്കേണ്ടതും കെട്ടിടത്തിന്റെ ക്രമവൽക്കരിക്കാൻ കഴിയാത്ത ഭാഗങ്ങൾ പൊളിച്ചു കളയുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ഉടമസ്ഥൻ കൈയേറിയ പുറമ്പോക്ക് ഭൂമിയിലെ അനധികൃത നിർമ്മാണം പൊളിച്ചു മാറ്റേണ്ടതും നിയമാനുസൃത നടപടികളിലൂടെ തിരിച്ചു പിടിക്കേണ്ടതുമാണ്. 1958 ലെ കേരള ഭൂപരിഷ്കരണ ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം പുറമ്പോക്ക് ഭൂമികളിൽ വ്യക്തികൾ അനധികൃതമായി കയ്യേറുന്നത് ശ്രദ്ധയിൽപ്പെട്ടാൽ മേൽ വിവരം ജില്ലാ കളക്ടറെ അറിയിച്ച് നടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം സർക്കാരിന്റെ ശ്രദ്ധയിലും പെടുത്തുന്നതാണ്.

ബി) നെൽവയൽ സംരക്ഷണ നിയമം പാലിക്കാതെ നഞ്ച ഭൂമിയിൽ വ്യാവസായിക കെട്ടിടത്തിന് നിർമ്മാണ അനുമതി നൽകി

നെൽവയൽ നികത്തി കെട്ടിട നിർമ്മാണം നടത്തുന്ന കേസുകൾ 2008 ലെ കേരള നെൽ വയൽ- തണ്ണീർത്തട സംരക്ഷണ നിയമങ്ങളും ചട്ടങ്ങളും ബാധകമാണ്. പ്രസ്തുത നിയമത്തിലെ സെക്ഷൻ.3 പ്രകാരം നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെ നെൽ വയലുകൾ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യാൻ പാടുള്ളതല്ല. പൊതു ആവശ്യത്തിനായി നെൽവയൽ പരിവർത്തനപ്പെടുത്തുന്ന അപേക്ഷകളുടെ കാര്യത്തിൽ സംസ്ഥാനതല സമിതിയുടെ പരിഗണനയ്ക്കായാണ് അയച്ചു കൊടുക്കേണ്ടത്. പൊതു ആവശ്യങ്ങൾ എന്നത് എന്തൊക്കെയാണെന്ന് 2008ലെ നെൽ വയൽ സംരക്ഷണ നിയമത്തിലെ സെക്ഷൻ (2) (XIV) പ്രകാരമുള്ള നിർവ്വചനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിയമം ബാധകമാക്കാതെയും കെട്ടിട നിർമ്മാണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നതായി കാണുന്നു.

| | |
|---|---|
| കെട്ടിട ഉടമയുടെ പേര്, മേൽവിലാസം | ശ്രീ.അബ്ദുൾ ഷക്കീർ.എ, ആലുങ്ങൽ (ഹ), കരുവൻതിരുത്തി.(പി.ഒ), ഫറോക്ക് |
| ബിൽഡിംഗ് പെർമിറ്റ് നമ്പർ | 7218/10 lതീയ്യതി.23.09.2010 (വ്യാവസായികാവശ്യം) |
| ഭൂവിസ്തൃതി, റിസർവ്വെ നമ്പർ, വില്ലേജ് | 65 സെന്റ്, 439/2, ഫറോക്ക് |
| ആകെ തറവിസ്തീർണ്ണം | 994 ച.മീറ്റർ |
| പെർമിറ്റിന്റെ കാലാവധി- ഓർഡർ നമ്പർ 13115 dt 21.12.14 പ്രകാരം കാലാവധി 21.9.2017 വരെ നീട്ടിനൽകിയിട്ടുണ്ട്. | |

ഫയൽ പരിശോധനയിലും സ്ഥലപരിശോധനയിലും കാണുന്ന അപാകതകൾ താഴെ കൊടുക്കുന്നു.

1. ഭൂമിയുടെ കൈവശാവകാശ രേഖ പെർമിറ്റ് അപേക്ഷയോടൊപ്പം ഉടമസ്ഥൻ സമർപ്പിച്ചിട്ടില്ല. പ്രസ്തുത ഭൂമിയുടെ തരത്തെ കുറിച്ച് ഫറോക്ക് വില്ലേജ് ഓഫീസിൽനിന്നും അറിയുവാൻ സാധിച്ചത് സ്ഥലത്തിന്റെ തരം നഞ്ച എന്നാണ്. വ്യക്തമായ വിവരം ലഭ്യമാക്കേണ്ടതാണ്.
2. ആധാരത്തിന്റെ പകർപ്പിൽ സ്ഥലത്തിന്റെ അതിരുകൾ നിലം ആണ്. സ്ഥലപരിശോധനയിൽ പ്രസ്തുത സ്ഥലം നിലം മണ്ണിട്ട് നിർമ്മാണം നടത്തിവരുന്നതായി കാണുവാൻ കഴിഞ്ഞു.
3. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, സർക്കുലർ നമ്പർ 4545/ ആർ.എ1/11 ത.സ്വ.ഭ.വ തി. 22.1.2011 പ്രകാരം നിലങ്ങളിൽ വാസഗൃഹങ്ങൾക്കല്ലാതെ മറ്റ് യാതൊരുവിധ നിർമ്മാണങ്ങൾക്കും സെക്രട്ടറി പെർമിറ്റ് അനുവദിക്കുവാൻ പാടില്ലാത്തതാകുന്നു. തരം നിലമായ ഭൂമിയിൽ വാസഗൃഹങ്ങൾക്കല്ലാതെ അനുമതി നൽകാൻ സെക്രട്ടറിയ്ക്ക് അധികാരമില്ലാതിരിക്കെയാണ് വ്യാവസായിക ആവശ്യത്തിനുള്ള കെട്ടിടത്തിന് അനുമതി നൽകിയത്. പൊതു ആവശ്യത്തിനായി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിനുള്ള അപേക്ഷകളിൽ തീരുമാനമെടുക്കുന്നത് സംസ്ഥാനതല സമിതിയാണ്. പൊതു ആവശ്യങ്ങൾക്കോ, നെൽവയലിന്റെ ഉടമസ്ഥർക്ക് വീട് വെക്കുന്നതിനോ വേണ്ടി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന് സംസ്ഥാനതല സമിതിക്കോ ജില്ലാതല അധികൃതസമിതിക്കോ ശുപാർശ നല്കാനേ പ്രാദേശികതല നിരീക്ഷണ സമിതിയ്ക്ക് അധികാരമുള്ളൂ.
4. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 1999 ചട്ടം 57(2) പ്രകാരം വ്യവസായിക കൈവശ ഗണത്തിന്റെ കീഴിലുള്ള 500 ച.മീ കവിയുന്ന വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ലേ ഔട്ടുകൾക്ക് മുഖ്യ ടൗൺ പ്ലാനറുടെ

അംഗീകാരവും നേടേണ്ടതാണ്. എന്നാൽ മുഖ്യ ടൗൺ പ്ലാനറുടെ റിപ്പോർട്ടിന്റെ അഭാവത്തിലാണ് പെർമിറ്റ് നല്കിയത് .

09.6.2010 ലെ A.4 സെക്ഷന്റെ കാര്യാലയ വകുറിപ്പിൽ റി.സർവ്വെ 439/2 ൽ ഉൾപ്പെട്ട 65 സെന്റ് സ്ഥലം ആധാരത്തിൽ നിലമെന്നും കൈവശാവകാശ സർട്ടിഫിക്കറ്റിൽ നഞ്ച എന്നാണെന്നും റിപ്പോർട്ട് ചെയ്യുകയും ഫയൽ വയൽകമ്മിറ്റിയിലേയ്ക്ക് ശുപാർശ ചെയ്യുകയും ചെയ്തു. ആയത് 21.06.2010 ൽ തിരുത്തൽ വരുത്തി സ്ഥലം പരിശോധിക്കുവാൻ ശുപാർശ നൽകുകയും സെക്രട്ടറിയുടെ അനുവാദത്തോടെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് പരിശോധനയ്ക്ക് നൽകുകയും ചെയ്തു. പ്രസ്തുത സ്ഥലം പരിശോധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ പെർമിറ്റ് അനുവദിക്കുവാനാണ് ശുപാർശ നല്കിയത്.

സെക്രട്ടറിയുടെ അധികാര പരിധിയിൽ പെടാത്ത കെട്ടിട നിർമ്മാണത്തിനാണ് പെർമിറ്റ് അനുവദിച്ചത്. നടപടിക്രമങ്ങൾ പാലിക്കാതെ പെർമിറ്റ് അനുവദിച്ചത് ശരിയായ നടപടിയല്ല. അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 51/15-16, 27.1.2017ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃതമായി നിർമ്മിച്ച കെട്ടിടം പൊളിച്ചു മാറ്റുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. മേൽ വിവരിച്ച നടപടക്രമങ്ങളുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

<u>സി) അനുമതി പത്രങ്ങളില്ലാതെ ആരാധനാലയം പുനർനിർമ്മിക്കുന്നു.</u>

| | |
|---|---|
| കെട്ടിട നിർമ്മാണ അനുമതി നമ്പർ | A-4/12613/414/15, 16.11.2015 |
| അപേക്ഷകരുടെ പേര്, മേൽവിലാസം | പ്രസിഡന്റ് ഫറോക്ക് ജുമ മസ്ജിദ് |
| ആകെ സ്ഥല വിസ്തീർണ്ണം , സർവ്വേ നം | 1.25 ഏക്കർ, 370/10, |
| കെട്ടിടത്തിന്റെ തരം,<br>നിർമ്മിക്കുന്ന ആകെ പ്ലിന്ത് ഏരിയ | ആരാധനാലയം,<br>774.60 ച.മീ (കൂട്ടി ചേർക്കൽ) |

നഗരസഭ കാര്യാലയത്തിന്റെ പരിധി പ്രദേശത്ത് ദേശീയപാതയുടെ അരികിൽ പ്രവർത്തിക്കുന്ന ജുമ മസ്ജിദിന്റെ നിലവിലെ കെട്ടിടത്തിൽ (1344.93 ച.മീ) കൂട്ടിചേർക്കലുകൾ നടത്തുന്നതിനായിട്ടാണ് കമ്മിറ്റി പ്രസിഡന്റ് അപേക്ഷിച്ചത്. എന്നാൽ അപേക്ഷയോടൊപ്പം ആധാരത്തിന്റെ പകർപ്പ് കൈവശാവകാശ രേഖ തുടങ്ങിയവ സമർപ്പിച്ചിട്ടില്ലാത്തതിനാൽ 09.11.2015 ന് ആയവ സമർപ്പിക്കുന്നതിനായി നിർദ്ദേശം നൽകുവാൻ സെക്ഷൻ ക്ലാർക്ക് ശ്രീമതി. സ്മിത നോട്ട് എഴുതിയിരുന്നു. എന്നാൽ തുടർന്ന നോട്ട് എഴുതിയ സെക്രട്ടറി എഞ്ചിനീയറുടേയോ, ഓവർസിയറുടേയോ അഭിപ്രായെ ആരായാതെ പെർമിറ്റ് അനുവദിക്കുവാൻ നിർദ്ദേശം നൽകുകയാണ് ചെയ്തത്. ആയതിനനുസരിച്ചാണ് മേൽ വിവരിച്ച രീതിയിൽ പെർമിറ്റ് അനുവദിച്ചത്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന രേഖകൾ സമർപ്പിക്കാത്തതിന് സെക്രട്ടറിയോ, സെക്ഷൻ ക്ലാർക്കോ അഭിപ്രായം രേഖപ്പെടുത്തിയിട്ടില്ല.

1. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം.7(6)(ബി) പ്രകാരം ആരാധനലയങ്ങളുടെ നിർമ്മാണത്തിനോ, പുനർനിർമ്മാണത്തിനോ ജില്ല കളക്ടറുടെ അനുമതി ആവശ്യമാണ്.
2. 0.5 ഹെക്ടറിൽ വരെയുള്ള പ്ലോട്ട് ഉപയോഗത്തിനും, 500 ച.മീ കൂടുതലുള്ള കെട്ടിടങ്ങളുടെ ലേഔട്ടിനും ജില്ല ടൌൺ പ്ലാനറുടെ അംഗീകാരം വേണം. [ചട്ടം.55(1)].
3. സമ്മേളന കൈവശഗണത്തിൽപെടുന്ന കെട്ടിടങ്ങൾക്ക് അവയുടെ നിലകളുടെ എണ്ണം ഗണിക്കാതെ തന്നെ പെർമിറ്റ് നൽകുന്നതിന് മുൻപ് അഗ്നിശമന സേനാ ഡയറക്ടറിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്. [ചട്ടം.55(8a)]
4. 10 മീറ്റർ വരെ ഉയരമുള്ളതും 800 ച.മീ കവിഞ്ഞതുമായ സമ്മേളന സ്ഥല കൈവശഗണത്തിൽപെടുന്ന കെട്ടിടങ്ങൾക്ക് മുറ്റം ചുരുങ്ങിയത് 6 മീറ്ററോടു കൂടിയ ശരാശരി 10.5 മീറ്റർ ഉണ്ടാവണം. എന്നാൽ ആരാധനയിത്തിന്റെ മുൻവശം അനധികൃതമായി ട്രസ്സ് വർക്ക് ചെയ്തിരിക്കുകയാണ്. [ചട്ടം.55(2)]. ദേശീയ, സംസ്ഥാന പാതയോടോ, ജില്ല റോഡുകളോടോ, ഗ്രാമപഞ്ചായത്ത്/നഗരസഭ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും റോഡുകളോടോ ചേർന്നു കിടക്കുന്ന ഭൂമിയിൽ തന്റെ ഭൂമിയുടെ റോഡിനോടു ചേർന്ന അതിരിൽ നിന്ന് 3 മീറ്ററിനുള്ളിൽ ഏതെങ്കിലും കെട്ടിടമോ ചുറ്റുമതിലല്ലാത്ത ഏതെങ്കിലും നിർമ്മാണം നടത്തുവാൻ പാടില്ലാത്തതാണ്. (24.03.1999 മുതൽ ബാധകം).

വസ്തുനിഷ്ഠമായ തീരുമാനങ്ങളെടുത്ത് നിയമനടപടികൾ സ്വീകരിക്കേണ്ട അധികൃതർ ആയതിന് വേണ്ട നടപടികൾ സ്വീകരിക്കാതെയും പരിശോധിക്കാതെയുമാണ് കെട്ടിടം നിർമ്മിക്കുന്നതിനായി അനുമതി നൽകിയിട്ടുള്ളത്.

<u>ഡി)പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്</u>

കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ 2011, ചട്ടം 11(3)(ഷെഡ്യൂൾ II) പ്രകാരം 150 ച. മീറ്ററിൽ താഴെയുള്ള ഗ്രൂപ്പ് A1വാസഗൃഹങ്ങൾക്ക് ച.മീറ്ററിന് 3.5 രൂപ നിരക്കിലും 150 ച.മീറ്ററിൽ കൂടുതലുള്ള വാസഗൃഹങ്ങൾക്ക് 7 രൂപ നിരക്കിലും, മറ്റെല്ലാവിധ ഒക്യുപ്പൻസികൾക്കും ച. മീറ്ററിന് 10 രൂപ നിരക്കിലും പെർമിറ്റ് ഫീസ് ഈടാക്കേണ്ടതുണ്ട്. 2015-16 വർഷത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ മുനിസിപ്പാലിറ്റിയിൽ പെർമിറ്റ് ഫീ ഈടാക്കിയതിൽ താഴെ ചേർക്കും വിധം കുറവ് വന്നതായി കാണുന്നു.

| ക്രമ നം | പെർമിറ്റ നം/തിയ്യതി | അപേക്ഷകന്റെ പേര് | ഒക്യൂപൻസി | തറ വിസ്തീർണ്ണം | ഈടാക്കേണ്ട ഫീ | ഈടാക്കിയത്, രശീതി നമ്പർ | കുറവ് |
|---|---|---|---|---|---|---|---|
| 1 | 456/15-16 15.12.15 | സരോജിനി, പുതുക്കുളങ്ങര | വാസഗൃഹം | 61.77 ച.മീ | 216 | 155/11502109189, 4.11.15 | 61 |
| 2 | 485/15-16 21.11.15 | അസ്കർ അലി, കളത്തിങ്ങൽ | വാസഗൃഹം | 164.47 ച.മീ | 1151 | 578/11502109836, 20.11.15 | 573 |
| 3 | 553/15-16 10.12.15 | മുഹമ്മദ് ഇസ്മായിൽ, അറയ്ക്കൽ കൊണാക്കിൽ | വാസഗൃഹം | 181.2 ച.മീ | 1267 | 905/11502109654, 17.11.15 | 362 |
| 4 | 574/15-16 19.12.15 | ഉമ്മർ ഫാറൂഖ്, ആയിശ, ചെമ്മായിപ്പാടം | വാസഗൃഹം | 198.49 ച.മീ | 1386 | 700/11502110665, 9.12.15 | 686 |
| 5 | 756/15-16 22.2.16 | ഇ.കമ്മു, നാഗശ്ശേരി | വാസഗൃഹം | 113.18 ച.മീ (Existing) 77.02 ച.മീ (Addition) | 539 | 270/11502113187, 10.2.16 | 269 |
| ആകെ | | | | | | | 1759 |

അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 18/20.1.2017 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പെർമിറ്റ് ഫീ ഇനത്തിൽ കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **2-8** <u>നഗരസഭ വക കെട്ടിടങ്ങൾ വാടകക്കു കൊടുക്കുന്നതിലെ അപാകതകൾ.</u>

<u>എ)കടമുറികൾ മേൽ വാടകക്ക് നൽകുകയും അനുമതിയില്ലാതെ ഘടനയിൽ മാറ്റം വരുത്തിയും ഉപയോഗിക്കുന്നു.</u>

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വ്യാപാരത്തിനായും, മറ്റ് ആവശ്യങ്ങൾക്കായും പൊതു ജനങ്ങൾക്ക് ലൈസൻസ് വ്യവസ്ഥയിൽ നൽകിയിട്ടുള്ളതാണ്. മേൽ മുറികളുടെ സംരക്ഷണം, നടത്തിപ്പ് സംബന്ധിച്ച് നടത്തിയ പ്രാദേശിക പരിശോധനയിൽ കെട്ടിടം വാടകക്കെടുത്തവർ മേൽവാടക ഈടാക്കി മുറികൾ മറ്റുള്ളവർക്ക് അനുവദിച്ചതായി കാണുവാൻ കഴിഞ്ഞിട്ടുണ്ട്. വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

<u>പ്രസ്സ് ക്ലബ് -ഓഫീസ്, റൂം നമ്പർ. 6/684A (624 എം.2).</u>

2012-13 വർഷത്തിൽ പ്രസ്സ് ക്ലബ് ഓഫീസിനായി അനുവദിച്ച മുറിയുടെ പ്രതിമാസ വാടക 1,315/- രൂപയാണ്. മേൽ മുറിയുടെ വാടക അടവാക്കുന്നതിൽ 2013-14 വർഷം മുതൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ 25.09.2012 ലെ 9(13) നമ്പർ തീരുമാനം പ്രകാരമാണ് പ്രസ്സ് ക്ലബിനായി മുറി അനുവദിച്ചത്. എന്നാൽ നിലവിൽ ഈ മുറി ഉയർന്ന വാടകക്ക് മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതായി പ്രാഥമിക അന്വേഷണത്തിൽ ബോധ്യപ്പെട്ടതിനാൽ ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

<u>അനധികൃത മിൽമ ബൂത്തും, പച്ചക്കറി സ്റ്റാളും.</u>

പ്രസ്തുത മിൽമ ബൂത്ത് ശ്രീ.ദേവദാസൻ എന്നിവരുടെ പേരിലാണ് അനുവദിച്ചത്. ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിന്റെ തിണ്ണ കയ്യേറി യാത്രക്കാർക്കും വാഹനങ്ങൾക്കും തടസ്സമുണ്ടാക്കുന്ന രീതിയിലാണ് നിർമ്മാണം നടത്തിയിരിക്കുന്നത്. ഇതിനു പുറക് വശത്ത് ഹരിത പച്ചക്കറി സ്റ്റാൾ പ്രവർത്തിക്കുന്നതിനും അനുവദിച്ചിട്ടുണ്ട്. ശ്രീ. പ്രതീഷ് എന്നവരാണ് ഉപയോഗിച് വരുന്നത്. മേൽ രീതിയിൽ പരസ്യമായ കൈയ്യേറ്റങ്ങൾ നടത്തിയിട്ടും അധികൃതർ നടപടി സ്വീകരിക്കാതെ പ്രവർത്തിക്കുവാൻ അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്.

<u>വാടകക്കാരന് അനുവദിച്ച മുറി 3 പേർക്കായി വിഭജിച്ചു നൽകി.</u>

ബസ് സ്റ്റാന്റിന് പടിഞ്ഞാറു വശത്തെ 6/679നമ്പർ മുറി ശ്രീ.എ.പി. മുസ്തഫ എന്നവർക്ക് അനുവദിച്ച മുറി വരാന്ത കൂടി ചേർത്ത് മാറ്റം വരുത്തി 3 പേർ ഉപയോഗിച്ചു വരുന്നതായി കാണുവാൻ കഴിഞ്ഞു.

<u>മിനി സ്റ്റേഡിയത്തിലെ മുറികൾ.</u>

നല്ലൂർ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന മിനിസ്റ്റേഡിയത്തിലെ മുറികളിൽ വാടകക്കാർ മേൽ വാടകക്ക് നൽകിയതായി ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് തന്റെ അന്വേഷണ കുറിപ്പിൽ (എ.1-10063/16, 31.08.2016) സെക്രട്ടറിയേയും, ഭരണസമിതിയേയും അറിയിച്ചിട്ടുണ്ടെങ്കിലും നിയമാനുസൃത നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ച് ഉത്തരവുകൾ മേൽനോട്ട ചുമതലയുള്ളവർ നൽകിയിട്ടില്ല. ശ്രീ.ചിമ്മണി എന്നവർക്ക് 4/864 നം മുറി പ്രിന്റിംഗ് പ്രസ്സിനായിട്ടാണ് എന്നാൽ മേൽ പ്രസ്സ് അല്ല പ്രവർത്തിക്കുന്നത്.

<u>മൽസ്യ മാർക്കറ്റ്, പേട്ട.</u>

- 15/244 ശ്രീ.അബ്ദു റഹ്മാൻ കുട്ടി എന്നവർക്ക് അനുവദിച്ച മുറി മേൽ വാടകക്ക് നൽകി തട്ട് കട നടത്തുകയാണ്.
- 15/131 സി. ഡി.ഇ. എന്നീ മുറികൾ ശ്രീ.അബ്ദുൾ വാരിദ്, ശ്രീ.വട്ടുവങ്ങര റസാക്ക്, കേരള ലേബർ കോൺട്രാക്ട് സൊസൈറ്റി എന്നിവർക്ക് അനുവദിച്ച മുറികൾ നിലവിൽ മേൽവാടകക്ക് നൽകി ഒരു വ്യക്തിതന്നെ കോഴിക്കച്ചവടം നടത്തുകയാണ്.
- 15/245, 243 ശ്രീ.ടി കുഞ്ഞുമരക്കാർക്ക് അനുവദിച്ച മുറി മേൽവാടകക്ക് അനുവദിച്ച് മൊബൈൽ ഷോപ്പ് അനുവദിച്ച് നടത്തുകയാണ് ചെയ്യുന്നത്.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215(4) പ്രകാരം വാടകയ്ക്ക് കൊടുത്തിട്ടുള്ള ഏതൊരു കെട്ടിടമോ മുറിയോ ഇടമോ ലൈസൻസുകാരൻ മറ്റൊരാൾക്ക് വാടകയ്ക്ക് കൊടുക്കുവാനോ അതിന്റെ ഉപയോഗത്തിന്റെ സ്വഭാവം മാറ്റാനോ പാടില്ലാത്തതാകുന്നു. ഇതിന് വിരുദ്ധമായാണ് മുറികളുടെ ഘടനയ്ക്ക് മാറ്റം വരുത്തിയത്. മേൽ വിശദാംശങ്ങൾ എല്ലാം തന്നെ സെക്ഷൻ ക്ലാർക്ക് മേലധികാരികളുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. നഗരസഭ വക കെട്ടിടങ്ങളിൽ അനധികൃതമായി നിർമ്മാണം നടത്തിയവർക്കെതിരെ നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മേൽ വിഷയത്തിൽ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

<u>ബി) ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക നിയമാനുസൃതമയി ഉയർത്തുന്നില്ല.</u>

1965 ലെ കേരള ബിൽഡിംഗ് (ലീസ് & റെന്റ് കൺട്രോൾ) നിയമത്തിന്റെ അടിസ്ഥാനത്തിലാവണം കേരളത്തിൽ ഏതൊരാളും കെട്ടിടങ്ങൾ വാടകക്കു നൽകേണ്ടത്. മേൽ നിയമത്തിലെ വകുപ്പ് .5 ലെ വ്യവസ്ഥകൾ ബഹു.കേരള ഹൈക്കോടതി റദ്ദ് ചെയ്തിരുന്നെങ്കിലും 2004 ൽ ബഹു.കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വകുപ്പ് 5 (1) റീഇൻസ്റ്റേറ്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം എല്ലാ 5 വർഷം കൂടുമ്പോഴും കെട്ടിട ഉടമക്കോ, കുടിയാനോ കോടതിയെ സമീപിച്ച് വാടക കരാറിൽ വ്യവസ്ഥ ഇല്ലെങ്കിൽ പോലും കാലാനുസൃതമായ വാടക (Fare Rent) നിശ്ചയിച്ചു കിട്ടുവാൻ അപേക്ഷിക്കാവുന്നതാണ്. ഇതിനായി താഴെ പറയുന്ന കാര്യങ്ങളാണ് പ്രധാമായും പരിഗണിക്കേണ്ടത്.

1. പണപ്പെരുപ്പം.

2. കുടിയായ്മ ആരംഭിച്ചതിനു ശേഷമുള്ള ജീവിത ചെലവിലെ വ്യത്യാസം.
3. പ്രസ്തുത സ്ഥലത്തെ കെട്ടിടങ്ങളുടെ ലഭ്യതയും അവയുടെ ഡിമാന്റും.
4. കെട്ടിട നിർമ്മാണ ചെലവ് (കുടിയാൻ ഉപയോഗിക്കുന്ന മുഴുവൻ ഭാഗത്തിന്റേയും)
5. നിർമ്മാണത്തിന്റെ തരം.
6. കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം.
7. ബസ്സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, ആശുപത്രികൾ തുടങ്ങിയ പൊതു സ്ഥലങ്ങളിലേക്കുള്ള അകലം.
8. അതേ തരത്തിലുള്ള മുറികൾക്ക് ആ പ്രദേശത്ത് നിലനിൽക്കുന്ന വാടക.
9. കുടിയാന്റെ കൈവശമുള്ള മുറിയുടെ നില.
10. കെട്ടിടം താമസത്തിനോ താമസേതിതര ഇനത്തിനോ.

എന്നാൽ നഗരസഭയിലെ മുറികളുടെ വാടക മേൽ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ച് വർദ്ധനവ് വരുത്തുന്നതിന് പകരം ആരംഭ കാലത്ത് അനുവദിച്ച വാടക നിരക്കിൽ 5% വർദ്ധനവ് പ്രതിവർഷം വരുത്തുക മാത്രമാണ് ചെയ്യുന്നത്. സാമന തരത്തിലുള്ള സ്വകാര്യ കെട്ടിടങ്ങളിൽ ഉയർന്ന നിരക്കിലുള്ള വാടക ലഭിക്കുന്ന വിവരങ്ങൾ ഡി.ആന്റ്.ഒ. ലൈസൻസിനായി അപേക്ഷിക്കുമ്പോൾ ലഭ്യമാകുന്നുണ്ടെങ്കിലും ആയത് പരിഗണിക്കാതെ നിലവിലും തുച്ഛമായ വാടക മാത്രമാണ് ഈടാക്കുന്നത്. മേൽ നിയമം പ്രകാരം നഗരസഭ വക എഞ്ചിനീയറാണ് പ്രാദേശിക പരിശോധന നടത്തി കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കേണ്ടത്. കെട്ടിട വാടകയിൽ ആനുകൂലികമായ വർദ്ധനവ് വരുത്താത്തതിനാൽ നഗരസഭ ഫണ്ടിനും നഷ്ടം സംഭവിക്കുന്നുണ്ട്. അപാകത പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധിപ്പിക്കേണ്ടതാണ്.

<u>സി)കരാറുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നില്ല.</u>

1908 ലെ രജിസ്ട്രേഷൻ നിയമം, വകുപ്പ് 17(ബി) പ്രകാരം സ്ഥാവര വസ്തുവിൽ 100/- രൂപയോ, 100/- രൂപയിൽ കൂടുതലോ വിലയുള്ള വല്ല അവകാശവും ഉണ്ടാക്കുന്ന മരണ ശാസനമല്ലാത്ത എല്ലാ കരണങ്ങളും നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്. വകുപ്പ് 17(ഡി) പ്രകാരം ഒരു വർഷമോ അതിനുമുകളിലോ കാലാവധി നിശ്ചയിച്ച സ്ഥാവര വസ്തുവിന്റെ പാട്ടക്കരാറുകൾ നിർബന്ധമായി മുദ്രച്ചുമത്തി രജിസ്റ്റർ ചെയ്യപ്പെടേണ്ടതാണ്. എന്നാൽ നഗരസഭ വക കെട്ടിടങ്ങൾ വാടകക്കു നൽകുമ്പോൾ, ആയവ ഏറ്റെടുക്കുന്ന വ്യക്തികളുമായും (1959 ലെ കേരള മുദ്രപത്ര നിയമം പ്രകാരം) കരാറിലേർപ്പെടുമ്പോഴും രജിസ്ട്രേഷൻ നിയമത്തിലെ മേൽ വ്യവസ്ഥകൾ പാലിക്കുന്നില്ല. ഇത് കാരണം സംസ്ഥാന സർക്കാരിന്റെ റവന്യൂ വരുമാനത്തിനും നഷ്ടം സംഭവിക്കുന്നുണ്ട്. കരാറുകൾ നിയമപ്രകാരം രജിസ്റ്റർ ചെയ്യാത്തതിനാൽ കരാർ ലംഘനം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ മറ്റ് നിയമ നടപടികൾ സ്വീകരിക്കുവാൻ നഗരസഭക്ക് സാധിക്കില്ല.

1959 ലെ കേരള മുദ്രപത്ര നിയമം, വകുപ്പ് 33 പ്രകാരം നിയമപ്രകാരം അധികാരമുള്ള ഏതൊരാളും / സർക്കാർ ഉദ്യോഗസ്ഥർ തന്റെ കൃത്യനിർവ്വഹണത്തിനിടയിൽ തന്റെ മുമ്പാകെ ഹാജരാക്കപ്പെടുന്ന കരണങ്ങൾ ശരിയായി മുദ്രപതിച്ചവയാണോ എന്ന് പരിശോധിക്കേണ്ടതും നിയമപ്രകാരം മുദ്ര പതിപ്പിച്ചില്ലെങ്കിൽ മുദ്രവില ഈടാക്കുവാനായി ബന്തവസ്സ് ചെയ്ത് ജില്ല കളക്ടറുടെ തീർപ്പിന് അയ്യക്കേണ്ടതാണ്. വകുപ്പ് 42 പ്രകാരം മുദ്രപത്ര നിയമത്തിന് എതിരായി കുറ്റം ചെയ്തിരിക്കുന്നതായി കാണപ്പെടുന്ന ഏതെങ്കിലും ആളുടെ മേൽ പ്രോസിക്യൂഷൻ നടത്തുന്നതിനുള്ള അധികാരം കളക്ടർക്ക് വിനിയോഗിക്കാവുന്നതാണ്.

മേൽ നിയമ വ്യവസ്ഥകൾ നിലനിൽക്കെയാണ് നഗരസഭയുമായി വ്യക്തികൾ, ഏജൻസികൾ എന്നിവർ ചമയ്ക്കുന്ന കരാറുകൾ രജിസ്റ്റർ ചെയ്യാതെ നടപടികൾ സ്വീകരിക്കുന്നത്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും നഗരസഭയുമായി ബന്ധപ്പെട്ട് കരാറുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 <u>നഗരസഭ പരിധിയിലെ പുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.</u>

1994 ലെ കേരള മുനിസിപ്പൽ നിയമം വകുപ്പ് 208(എ) പ്രകാരം ഈ നിയമം പ്രാബല്യത്തിൽ വരുന്ന സമയത്ത് നിലവിലുള്ളതോ അതിനു ശേഷം ഉണ്ടാക്കുകയോ ഏർപ്പെടുത്തുകയോ, പണിയുകയോ ചെയ്തിട്ടുള്ളതോ ആയതോ, അവ നഗരസഭയുടെ ചെലവിൽ ഉണ്ടാക്കുകയോ പണിയുകയോ ചെയ്തിട്ടുള്ളവ ആയിരുന്നാലുമല്ലെങ്കിലും, പൊതുജനങ്ങളുടെ ഉപയോഗത്തിന് ഒരു ചിരാനുഭവകാശം നൽകത്തക്ക വിധത്തിൽ പൊതുജനങ്ങൾ ഉപയോഗിച്ചുകൊണ്ടിരുന്നവ ഉൾപ്പടെ ഉള്ള, എല്ലാ പൊതുജലമാർഗ്ഗങ്ങളും, നദികളുടെ തടങ്ങളും, തീരങ്ങളും, ചെറുപുഴകളും, ജലസേചനത്തിനും, ഡ്രെയിനേജിനുമുള്ള ചാലുകളും, തോടുകളും, തടാകങ്ങളും, കായലുകളും,

ജലമാർഗ്ഗങ്ങളും, കെട്ടിനിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും, നീരുറവകളും, ജലസംഭരണികളും കുളങ്ങളും, നീർത്തടങ്ങളും, ജലധാരകളും, കിണറുകളും, കാപ്പുകളും, ചാലുകളും, സ്റ്റാന്റ് പൈപ്പുകളും മറ്റു ജലസംഭരണികളും അവയോടു ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും നഗരസഭയിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

എന്നാൽ നഗരസഭയുടെ പരിധിയിൽ വിവിധ ഭാഗങ്ങളിലായി ഏതൊക്കെ സർവ്വേ നമ്പറുകളിൽ എത്ര അളവിൽ പുറമ്പോക്ക് ഭൂമിയുണ്ടെന്നുള്ള വിവരം, പുറമ്പോക്ക് ഭൂമികളിൽ സ്വകാര്യ വ്യക്തികൾ നടത്തിയ കൈയ്യേറ്റങ്ങൾ, ആയവ കണ്ടെത്തുന്നതിനും ഏറ്റെടുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ല. കേരള മുനിസിപ്പൽ നിയമം വകുപ്പ് 530(എ) പ്രകാരം സെക്രട്ടറിക്ക് ചെയർപേഴ്സൺന്റെ അനുവാദത്തോടു കൂടി ലിഖിതമായ ഒരുത്തരവ് മൂലം ഒരു വില്ലേജിനെ സംബന്ധിച്ചോ അതിന്റെ ഏതെങ്കിലും ഭാഗത്തെ സംബന്ധിച്ചോ, വസ്തുവിനെ സംബന്ധിച്ചോയുള്ള വിവരം നൽകാൻ ബന്ധപ്പെട്ട വില്ലേജ് ഓഫീസറോട് ആവശ്യപ്പെടാവുന്നതും അങ്ങിനെയുള്ള ഏതൊരു ഉത്തരവും വില്ലേജ് ഓഫീസർ പാലിക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത വിഭാഗത്തിൽ നഗരസഭ പരിധിയിലെ പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ നിയപരമായ നടപടികൾ സ്വീകരിക്കാതിരുന്നത് അധികൃതരുടെ വീഴ്ചയായിട്ടേ ഓഡിറ്റിൽ വിലയിരുത്തുവാൻ കഴിയൂ. നിയമപരമായി നഗരസഭയിൽ നിക്ഷിപ്തമാകേണ്ട ഭൂമികൾ ഏതെല്ലാമാണെന്ന് കണ്ടെത്തി ഏറ്റെടുത്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-10 <u>നഗരസഭ പരിധിയിലെ പുറമ്പോക്ക് ഭൂമികളിൽ അനധികൃത നിർമ്മാണം നടത്തി വ്യാപാര സ്ഥാപനങ്ങൾ നടത്തുന്നു.</u>

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 208(എ)(1) പ്രകാരം എല്ലാ പൊതുജലമാർഗ്ഗങ്ങളും, നദികളുടെ തടങ്ങളും, തീരങ്ങളും, ചെറുപുഴകളും, ജലസേചനത്തിനും, ഡ്രെയിനേജിനുമുള്ള ചാലുകളും, തോടുകളും, തടാകങ്ങളും, കായലുകളും, ജലമാർഗ്ഗങ്ങളും, കെട്ടിനിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും, നീരുറവകളും, ജലസംഭരണികളും കുളങ്ങളും, നീർത്തടങ്ങളും, ജലധാരകളും, കിണറുകളും, കാപ്പുകളും, ചാലുകളും, സ്റ്റാന്റ് പൈപ്പുകളും മറ്റു ജലസംഭരണികളും അവയോടു ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത് തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും മുനിസിപ്പാലിറ്റിക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. മുനിസിപ്പാലിറ്റക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതും നിക്ഷിപ്തമായിട്ടുള്ളതും ആയ ഏതെങ്കിലും ഭൂമി, അത് പുറമ്പോക്കായിരുന്നാലും അല്ലെങ്കിലും ഏതെങ്കിലും ആൾ മുനിസിപ്പാലിറ്റിയുടെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ കൈവശപ്പെടുത്തുന്നത് നിയമ വിരുദ്ധമായ നടപടിയാണ്.

24.01.2017 ന് ഹെൽത്ത് ഓഫീസർ, എൽ.എസ്.ജി.ഡി. ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ഫറോക്ക് മുനിസിപ്പൽ കാര്യാലയത്തിന്റെ സമീപത്ത് പ്രവർത്തിക്കുന്ന ടി.എച്ച്.വുഡ്. ഫർണിച്ചർ, ഹിബ ഫർണിച്ചർ, ജാസ് മോട്ടോർസ്, ശ്രീ.ഹംസ എന്നിവർ നടത്തുന്ന മരക്കച്ചവടം (366/5B), എന്നിവർ സർക്കാർ വക ഭൂമികൾ, പുറമ്പോക്ക് ഭൂമികൾ കൈവശപ്പെടുത്തുകയും തങ്ങളുടെതായ രീതിയിൽ കെട്ടിട നിർമ്മാണ പ്രവർത്തികൾ നടത്തി ഉപയോഗപ്പെടുത്തുന്നതായും കാണുവാൻ കഴിഞ്ഞു. എത്ര സെന്റ് ഭൂമി കൈയ്യേറിയെന്നതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

നഗരസഭ പരിധിയിലെ പുറമ്പോക്ക് ഭൂമികൾ കയ്യേറിയതിന്റെയും, അനുമതിയില്ലാതെ കെട്ടിടനിർമ്മാണം നടത്തിയതിന്റെയും നിജസ്ഥിതി പരിശോധിച്ച് വിവരം നൽകേണ്ടതാണ്.

## 2-11 <u>നഗരസഭ പരിധിയിൽ സ്വകാര്യ മാർക്കറ്റുകൾ അനുമതിയില്ലാതെ പ്രവർത്തിക്കുന്നു.</u>

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 460 (1) പ്രകാരം മുനിസിപ്പാലിറ്റിയിൽ നിന്ന് ഒരു ലൈസൻസ് കൂടാതെ യാതൊരാളും ഒരു സ്വകാര്യ മാർക്കറ്റ് തുറക്കുകയോ തുടർന്ന് നടത്തുകയോ ചെയ്യാൻ പാടുള്ളതല്ല. മേൽ വകുപ്പിന്റെ വിശദീകരണത്തിൽ സ്വകാര്യ മാർക്കറ്റ് എന്നതിൽ 6 കടമുറികളിൽ കൂടുതലുള്ള ഒരു ഷോപ്പിംഗ് കോംപ്ലക്സും ഉൾപ്പെടുമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പ് 461 ൽ സ്വകാര്യ മാർക്കറ്റുകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ട നിരക്ക് ഏത് വിധത്തിലാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

നഗരസഭ പരിധിയിൽ മേൽ വിവരിച്ച തരത്തിലുള്ള സ്വകാര്യ മാർക്കറ്റുകൾ നിരവധിയുണ്ടെങ്കിലും പ്രസ്തുത മാർക്കറ്റുകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതിന്റേയോ, പ്രവർത്തിക്കുവാൻ സെക്രട്ടറി അനുമതി നൽകിയതിന്റേയോ വിശദാംശങ്ങൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റിൽ സമർപ്പിച്ച വാർഷിക കണക്കിൽ പ്രസ്തുത ഇനത്തിൽ വരവുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. അപാകത പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും സ്വകാര്യ മാർക്കറ്റുകൾ പ്രവർത്തിക്കുന്നതിനായി നിയമാനുസൃത ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കേണ്ടതാണ്.

## **2-12** മുനിസിപ്പൽ പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 310 (എ),(ബി),(സി),(ഡി) പ്രകാരമുള്ള സ്ഥാപനങ്ങൾ 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 3 (1) പ്രകാരം മുനിസിപ്പിൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ സ്ഥാപിക്കാൻ പാടുള്ളതല്ല. 4(1), (2) പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതും 5(1) പ്രകാരം രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് വർഷത്തിലും, ഓഡിറ്റ് കാലയളവിലും മുനിസിപ്പാലിറ്റി പരിധിയൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്വകാര്യ അശുപത്രികളും, പാരാമെഡിക്കൽ സ്ഥാപനങ്ങളും (പരിശീലന കേന്ദ്രങ്ങൾ, നഴ്സിംഗ് സ്കൂളുകൾ) രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത്. സ്ഥാപനങ്ങളുടെ പേരുകൾ താഴെ കൊടുക്കുന്നു.

1. ബാബാ ക്ലിനിക്ക്
2. സ്മൈൽ ഡെന്റൽ ക്ലിനിക്ക്
3. ഫാത്തിമ ഡെന്റൽ ക്ലിനിക്ക്
4. കാലിക്കറ്റ് ഐ ഹോസ്പിറ്റൽ
5. ലൈഫ് കെയർ ഡയഗ്നോസ്റ്റിക്ക്
6. ബ്രദേഴ്സ് ക്ലിനിക്ക്
7. ഐഡിയൽ ഡെന്റൽ ക്ലിനിക്ക്

മേൽ പറഞ്ഞ സ്ഥാപനങ്ങളെ രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 35/15-16, 24.1.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ച സ്വകാര്യ ആശുപത്രികകൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ട രജിസ്ട്രേഷൻ ഫീസ് ഈടാക്കാതെ മുനിസിപ്പൽ പരിധിയൽ പ്രവർത്തിക്കാൻ അനുവദിച്ചത് നിയമം ലംഘനമാണ്. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ നിയമം നടപടികൾ സ്വീകരിക്കേണ്ടതും, നിലവിലെ നിയമ വ്യവസ്ഥകൾ പ്രകാരം (1994 ലെ കേരള മുനിസിപ്പൽ നിയമം , വകുപ്പ്.314) 5,000/- രൂപവരെയുള്ള പിഴ ഈടാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## **2-13** മുനിസിപ്പാലിറ്റി പരിധിയിലുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

2015-16 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പ്രകാരം ട്യൂട്ടോറിയൽ ഇൻസ്റ്റിറ്റ്യൂഷനുകളുടെ രജിസ്ട്രേഷൻ ഫീ ഇനത്തിൽ 550/- രൂപ വരവുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 507, 1999 ലെ കേരള മുനിസിപ്പാലിറ്റി ( ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ) ചട്ടങ്ങൾ 3 (1) പ്രകാരം മുനിസിപ്പിൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ സ്ഥാപിക്കാൻ പാടുള്ളതല്ല. ചട്ടം. 4(1), (2) പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതും 5(1) പ്രകാരം രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. പ്രാദേശിക പരിശോധനയിൽ മുനിസിപ്പാലിറ്റി പ്രദേശത്ത് നിരവധി ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. ആര്യഭട്ട പി.എസ്.സി. കോച്ചിംഗ് സെന്റർ
2. ജി-ടെക് കമ്പ്യൂട്ടർ എജ്യൂക്കേഷൻ
3. സാഗർ കോളേജ്
4. ബ്രൈറ്റ് അക്കാദമി
5. I.A.W.T. അക്കാദമി
6. റേസ് അക്കാദമി

എന്നാൽ മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കിയിട്ടില്ല. മുനിസിപ്പൽ പരിധിയിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങളെ പ്രവർത്തിക്കുവാൻ അനുവദിച്ചതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.33/15-16,24.1.2017) ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മുനിസിപ്പൽ പരിധിയിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിച്ച ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്നും വകുപ്പ് 508 പ്രകാരമുള്ള പിഴ (1000/-രൂപ) ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതും, മേൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ ട്യൂട്ടോറിയൽ സ്ഥാപനങ്ങളെ പൂർണ്ണമായി ഉൾപ്പെടുത്തി ട്യൂട്ടോറിയൽ രജിസ്റ്റർ തയ്യാറാക്കി കാലികമായി

പരിപാലിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് വിദ്യാലയം നടത്തുന്നു.

ബഡ്സ് സ്പെഷ്യൽ സ്കൂൾ മാതൃകയിൽ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക വിദ്യാലയം ആരംഭിച്ച് അവർക്ക് വിദ്യഭ്യാസവും ഒപ്പം തൊഴിൽ പരിശീലനവും നൽകുക എന്ന ലക്ഷ്യത്തോടെ 1995ൽ പ്രവർത്തനം ആരംഭിച്ചതാണ് ഫറോക്ക് ബഡ്സ് സ്കൂൾ. പ്രസ്തുത സ്കൂളിന്റെ നടത്തിപ്പ് ചെലവ്, ടീച്ചർ, ആയ എന്നിവരുടെ ഓണറേറിയം നൽകൽ തുടങ്ങിയവയ്ക്ക് വരുന്ന ചെലവുകൾ നടത്തുന്നത് മുനിസിപ്പൽ ഫണ്ടിൽ നിന്നുമാണ്.

1995 ലെ വികലാംഗ ജന നിയമം പ്രകാരം ഭിന്നശേഷിയുള്ളവർക്ക് തുല്യ നീതിയും തുല്യ അവകാശവും ഉറപ്പാക്കുന്നതിന് വിദ്യാഭ്യാസവും, തൊഴിൽ, സാമൂഹ്യ സുരക്ഷ, പുനരധിവാസം, തടസ്സവിമുക്ത പര്യാവരണം എന്നിവ നിർബന്ധമായും ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. തികച്ചും അനുകമ്പ അർഹിക്കുന്നതും പ്രത്യേകിച്ച് മാനസിക രോഗങ്ങൾ, ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ രോഗങ്ങൾ ബാധിച്ചവർ നേരിടുന്ന പ്രശ്നത്തിൽ അതിസങ്കീർണ്ണവും പ്രത്യേക ഇടപെടൽ ആവശ്യമായതിനാലാണ് പൊതു വിദ്യഭ്യാസ ശൃംഖലയിലെ സ്പെഷ്യൽ സ്കൂൾ പദ്ധതിയിൽ ഇനിയും ഉൾപ്പെട്ടിട്ടില്ലാത്ത ഭിന്നശേഷിയുള്ള കുട്ടികൾക്ക് കുടുംബശ്രീ വിഭാവനം ചെയ്ത ബഡ്സ് മാതൃകയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സ്പെഷ്യൽ സ്കൂൾ നടത്തുന്നതിനും, പുനരധിവാസ പ്രവർത്തനങ്ങൾക്കും വികസന ഫണ്ട് ഉൾപ്പടെയുള്ള ധനസ്രോതസ്സുകൾ ഉപയുക്തമാക്കാൻ പതിനൊന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ അനുമതി നൽകിയത്.

29.07.2009 ലെ (എം.എസ്)നം 148/09/ത.സ്വ.ഭ.വ ഉത്തരവിലൂടെ (ബഡ്സ് സ്പെഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗരേഖ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബഡ്സ് സ്കൂൾ നടത്തിപ്പുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാമാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനു മുൻപ് ബഡ്സ് സ്പെഷ്യൽ സ്കൂൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അവയിൽ അനുഭവപ്പെടുന്ന പോരായ്മകൾ പരിഹരിച്ച് നിശ്ചിത കാലയളവിനുള്ളിൽ നിലവാരം മെച്ചപ്പെടുത്തണമെന്നും സർക്കാർ മേൽ ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിരുന്നു. താഴെ പറയുന്നവയാണ് മാർഗ്ഗരേഖയിലെ പ്രധാന നിബന്ധനകൾ.

- സ്കൂൾ കെട്ടിടത്തിൽ 5 ക്ലാസ്സ് മുറികളും, ഓഫീസ്, സ്റ്റാഫ്, റിക്രിയേഷൻ, സ്റ്റോർ, അടുക്കള, ഭക്ഷണശാല, തൊഴിൽ പരിശീലനം, തെറാപ്പി, പകൽ പരിപാലനം എന്നിവക്ക് സ്ഥല സൗകര്യങ്ങൾ ഉണ്ടായിരിക്കണം.
- കെട്ടിടം തടസ്സവിമുക്തവും അപായ വിമുക്തവും ആയിരിക്കണം.
- ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേകമായി തിരിച്ച് ഏറ്റവും കുറഞ്ഞത് 4 ബാത്ത്റൂമുകൾ ഉണ്ടായിരിക്കണം. അതിൽ ഒന്ന് വീതം യൂറോപ്യൻ ക്ലോസറ്റ് ആയിരിക്കണം.
- വൃത്തിയുള്ള തീൻമേശകളും, കുടിവെള്ളം, കൈകഴുകാൻ സൗകര്യവും മാലിന്യ നിർമ്മാർജ്ജന സൗകര്യവും ഉണ്ടായിരിക്കണം.
- ആവശ്യത്തിന് പഠനോപകരണങ്ങൾ, ഫർണിച്ചർ, തൊഴിൽ പരിശീലന ഉപാധികൾ, ഫിസിയോതെറാപ്പി ഉപകരണങ്ങൾ ലഭ്യമാക്കിയിരിക്കണം.
- ഓരോ തരത്തിലുമുള്ള വൈകല്യം ബാധിച്ച കുട്ടികൾക്കും ഓരോരുത്തർക്കും അനുയോജ്യമായ തരത്തിലുള്ള ഫർണിച്ചറുകൾ ലഭ്യമാക്കണം.
- അംഗീകൃത പരിശീലനം സിദ്ധിച്ച (ആർ.സി.ഐ) 3 അദ്ധ്യാപകരും, 2 ആയമാരും ഒരു പാചകക്കാരിയും സ്കൂളിൽ ഉണ്ടായിരിക്കണം.

(മേൽ വിവരിച്ച നിബന്ധനകൾ ഉത്തരവിലെ പ്രധാനപ്പെട്ടവ മാത്രമാണ്)

ബഡ്സ് സ്കൂൾ നിർമ്മാണത്തിനായി 2008-09, 2012-13 സാമ്പത്തിക വർഷങ്ങളിൽ ജില്ല പഞ്ചായത്തുമായി സംയുക്ത പദ്ധതികൾ രൂപീകരിച്ച് തുക വകയിരുത്തിയെങ്കിലും മേൽ പദ്ധതികൾ നടപ്പിലാക്കിയില്ല. പദ്ധതി നടപ്പാക്കുന്നതിനായി 2 തവണ ജില്ലപഞ്ചായത്തിൽ നിന്നും 5 ലക്ഷം രൂപ വീതം അനുവദിച്ചിരുന്നു. ആദ്യ തവണ ലഭിച്ച 5 ലക്ഷം വിനിയോഗിച്ച് സ്കൂളിനായി ബസ്സ് വാങ്ങുകയും, രണ്ടാം തവണ ലഭിച്ച 5 ലക്ഷം രൂപ ഓഡിറ്റ് കാലയളവു വരേയും തനത് ഫണ്ടിൽ നിക്ഷേപിക്കുകയുമാണ് ചെയ്തിരിക്കുന്നത്. തുക വിനിയോഗിക്കാനോ

പദ്ധതിക്കായി ആവശ്യമായ സ്ഥലം, കെട്ടിട നിർമ്മാണം എന്നിവ നടത്തുന്നതിനായിട്ടുള്ള പ്രാരംഭ നടപടികൾ എടുക്കുകയോ ചെയ്തിട്ടില്ല.

സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളോ, 1995 ലെ വികലാംഗ ജന നിയമം പ്രകാരം ഭിന്നശേഷിയുള്ളവർക്ക് തുല്യ നീതിയും തുല്യ അവകാശവും ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള നടപടികളോ സ്വീകരിക്കാതെയാണ് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി ഭിന്നശേഷിയുള്ളവർക്ക് സ്പെഷ്യൽ സ്കൂൾ നടത്തുന്നത്. മുനിസിപ്പാലിറ്റിയുടെ ഇത്തരത്തിലുള്ള പ്രവർത്തനം ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് തന്നെ വിപരീതമാണ്. ബഡ്സ് സ്കൂൾ നടത്തിപ്പുമായി ബന്ധപ്പെട്ട് നിയമപരമായ നടപടികൾ കാലതാമസമില്ലാതെ ആരംഭിക്കേണ്ടതും നിയമത്തിൽ വ്യവസ്ഥ ചെയ്ത മാനദണ്ഡങ്ങൾ പാലിക്കേണ്ടതുമാണ്. ഇതിനായി കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-2 ആശ്രയ ഗുണഭോക്താക്കളെ പരിഗണിക്കാതെ പദ്ധതികൾ നടപ്പാക്കുന്നു.

കേരളത്തിലെ നിരാശ്രയരും, നിരാലംബരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കര കയറ്റുന്നതിനും, അവരുടെ പുനരധിവാസം നടത്തുന്നതിനുമായിട്ടാണ് ആശ്രയ പരിപാടിയുടെ നടത്തിപ്പിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചത്. [സ.ഉ.(എം.എസ്) 71/2003/പ്ലാനിംഗ്, തീയ്യതി.12.11.2003, സ.ഉ(എം.എസ്)12/2010/ത.സ്വ.ഭ.വ]. 28.01.2004 ലെ 1344/എ.1/ 2004/പ്ലാനിംഗ് നമ്പർ സർക്കുലറിലൂടെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം നൽകുന്നതിന് മറ്റ് വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പ്രക്രിയ ബാധകമല്ലെന്ന് സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

16.11.2013 ലെ (എം എസ്) 362/2013 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് അനുബന്ധം 14 ഖ. 6.7(i) പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവ് അനുബന്ധം 14 ഖ. 6.8 (i); അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. (ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം. എന്നാൽ ഗ്രാമപഞ്ചായത്ത്/ നഗരസഭ പരിധിയിൽ നിലവിലും ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഭവനം, കുടിവെള്ളം, കക്കൂസ് എന്നിവ ലഭ്യമാക്കിയിട്ടില്ല. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് സ്ഥലം, ഭവനം തുടങ്ങിയവ ലഭ്യമാക്കാത്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ആദ്യ ഘട്ടം | രണ്ടാം ഘട്ടം |
|---|---|---|
| വീട് ആവശ്യമുള്ളവർ | 5 | 5 |
| നാളിതുവരെ ലഭിച്ചവർ | 4 | 4 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 7 | 16 |
| നാളിതുവരെ ലഭിച്ചവർ | --- | --- |
| കക്കൂസ് ആവശ്യമുള്ളവർ | 3 | 4 |
| നാളിതുവരെ ലഭിച്ചവർ | ---- | --- |
| കുടിവെള്ളം ആവശ്യമുള്ളവർ | 6 | 29 |
| നാളിതുവരെ ലഭിച്ചവർ | ---- | ---- |
| വൈദ്യുതി ആവശ്യമുള്ളവർ | 1 | 7 |
| നാളിതുവരെ ലഭിച്ചവർ | ---- | ---- |

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെന്നും, ദുർബലരെന്നും പഞ്ചായത്ത്/നഗരസഭ അധികാരികൾ തന്നെ പരിശോധിച്ച് ഉറപ്പ് വരുത്തിയ പ്രസ്തുത വിഭാഗക്കാരുടെ ഇല്ലായ്മകൾ പൂർണ്ണമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല. സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രത്യേക പരിഗണന നൽകി സംരക്ഷിക്കേണ്ട ഗുണഭോക്താക്കളെ ഒഴിവാക്കി ഭവന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ആശ്രയ ഗുണഭോക്താക്കൾക്ക് അർഹമായ പരിഗണന നൽകിയതിനു ശേഷം ജനറൽ പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കേണ്ടതാണ്.

## 3-3 ഡി.പി.സി.യുടെ അംഗീകാരമില്ലാതെ, ഡി.ജി.എസ്. &.ഡി. അംഗീകാരമില്ലാത്ത

**വാഹനം വാങ്ങി.**

ഫറോക്ക് ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിയായി രൂപീകരിച്ചതിനു ശേഷം ചെയർപേഴ്സണായി ഒരു പുതിയ വാഹനം വാങ്ങുന്നതിന് ഭരണസമിതി തീരുമാനമെടുക്കുകയും അനുവാദത്തിനായി കോഡിനേഷൻ കമ്മിറ്റിയെ സമീപിച്ചു. 16.12.2015 ലെ കോഡിനേഷൻ കമ്മിറ്റിയുടെ യോഗത്തിൽ 10 ലക്ഷം രൂപ അധികരിക്കാതെ നിലവിലെ വ്യവസ്ഥകൾ പാലിച്ച് കൊണ്ട് പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ 9,84,096/- രൂപ ചെലവിൽ (വൌച്ചർ നം.21501020, 22.12.2015) മഹീന്ദ്ര കമ്പനിയുടെ ടി.യു.വി.300.എം.ടി. മോഡൽ വാഹനം വാങ്ങുകയുണ്ടായി.

27.05.2003 ലെ (എം.എസ്)169/03/ത.സ്വ.ഭ.വ, 31.03.2006 ലെ (എം.എസ്)86/06/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വാഹനങ്ങൾ വാങ്ങുന്നതിനായി പൊതുവായ മാർഗ്ഗരേഖകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ജില്ല ആസൂത്രണ സമിതിയുടെ അനുമതിയോടെ പദ്ധതി വിഹിതം, പൊതു ആവശ്യ ഗ്രാന്റ്, തനത് ഫണ്ട് എന്നിവ വിനിയോഗിച്ച് വാഹനങ്ങൾ വാങ്ങാവുന്നതാണ്. എന്നാൽ ജില്ല ആസൂത്രണ സമിതിയുടെ അനുമതിയില്ലാതെയാണ് വാങ്ങിയത്.

ഡയറക്ടർ ജനറൽ ഓഫ് സപ്ലൈസ് & ഡിസ്പോസൽസ്, ന്യൂഡൽഹി എല്ലാ വർഷവും വിവിധ സാധനങ്ങൾക്ക് റേറ്റ് കോൺട്രാക്റ്റ് നൽകി വിജ്ഞാപനം പുറപ്പെടുവിക്കാറുണ്ട്. പ്രസ്തുത വിജ്ഞാപനത്തിൽ ഉൾപ്പെട്ട വാഹനമല്ല മഹീന്ദ്ര കമ്പനിയുടെ ടി.യു.വി.300.എം.ടി. മോഡൽ.

നിയമവിരുദ്ധമായും, സർക്കാർ നിർദ്ദേശങ്ങളും പാലിക്കാതെയും വാഹനം വാങ്ങിയത് ഓഡിറ്റിൽ അംഗീകരിച്ചു നൽകാവുന്നതല്ല. മേൽ അപാകതകൾക്ക് വിശദീകരണവും, സർക്കാർ അംഗീകാരവും ലഭ്യമാക്കേണ്ടതാണ്. ചെലവഴിച്ച 9,84,096/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 ജപ്പാൻ കുടിവെള്ള പദ്ധതിക്കായി തുക ഡെപ്പോസിറ്റ് ചെയ്തു.സർക്കാർ നിർദ്ദേശം പാലിച്ചില്ല.

പ്രോജക്റ്റ് നം .137/15

പ്രോജക്റ്റ് – ജപ്പാൻ കുടിവെള്ള പദ്ധതിക്കായി തുക ഡെപ്പോസിറ്റ് ചെയ്യൽ

അടങ്കൽ 20967000/- തനത് ഫണ്ട്

200000/- മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവ് 1,90,71,000/- തനത് ഫണ്ട് ഡി ഡി നം

391862/10.03.2016 – 50,00,000/-

391863/15.03.2016 – 54,00,000/-

391856/11.02.2016 - 50,00,000/-

161251/30.03.2016 – 36,71,000

നിർവ്വഹണം : സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്.പ്രസ്തുത ചുമതല ജലനിധി മുഖാന്തിരം നിർവ്വഹിക്കുന്നതിനായി നല്കിയ 52.75 ലക്ഷം രൂപ വിനിയോഗിക്കാതെ ട്രഷറിയിൽ നിക്ഷേപിച്ച് പലിശ വാങ്ങുന്നതായി 2007-08 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖ 3-1ആയി റിപ്പോർട്ടിൽ പരാമർശം വരികയും ആയത് 2011-2012 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുകയും ചെയ്തു.ആയത് നിലവിൽ നിയമസഭാ സമിതിയുടെ പരിഗണനയിലാണ്.സമാനമായ അപാകത പ്രോജക്റ്റ് ഫയൽ പരിശോധനയിൽ താഴെ പറയും പ്രകാരം കാണുന്നു.

1.2015-16 സാമ്പത്തിക വർഷം കരുവൻ തുരുത്തി കളിസ്ഥലം(പ്രോജക്റ്റ് നം 23),പൈക്കുറ്റി നെച്ചിക്കോട്ട് കുളം പുതിയപ്പറമ്പത്ത് കുടിവെള്ള പദ്ധതികളിൽ ഫിൽറ്റർ സ്ഥാപിക്കൽ(പ്രോജക്റ്റ് നം 243),ഫറോക്ക് മത്സ്യമാർക്കറ്റ് നിർമ്മാണം(പ്രോജക്റ്റ് നം 244) എന്നീ പ്രോജക്റ്റുകൾ വാർഷിക പദ്ധതികളിൽ നിന്ന് ഒഴിവാക്കിയതിന് ശേഷമാണ് പ്രസ്തുത പദ്ധതിക്കുള്ള തുക വകയിരുത്തിയത്.(എ്2-14204തി 27-2-16 പ്രകാരം 22-2-16തിയ്യതിയിലെ കൗൺസിൽ യോഗം 18(1)നം തീരുമാനം)നഗരസഭയുടെ അപേക്ഷ പ്രകാരം 16-1-16 ലെ നം 8/എഫ് എം3/2016/തസ്വഭവ കത്ത് പ്രകാരം 6-1-16 ലെ 3-6 -)ാം നമ്പർ വികേന്ദ്രികാസൂത്രണ കോർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫറോക്ക് ഗ്രാമപഞ്ചായത്ത് ആയിരുന്നപ്പോൾ ജലനിധി പദ്ധതി 2006-2007 വാർഷികപദ്ധതിയിൽ ഏറ്റെടുത്തെങ്കിലും ആയത് നടപ്പാക്കാതെ ട്രഷറിയിൽ നിക്ഷേപിച്ച 52,75,000/- രൂപ ഇപ്പോൾ 75.14 ലക്ഷം രൂപ ആയിട്ടുള്ളത് ഒരു വർഷത്തിനുള്ളിൽ കുടിവെള്ളപദ്ധതിക്ക് ടി തുക വിനിയോഗിക്കണമെന്ന്

വ്യവസ്ഥയിൽ ജപ്പാൻ കുടിവെള്ളപദ്ധതിയിൽ വിനിയോഗിക്കുവാനുള്ള ആവശ്യം അംഗീകരിച്ചു.പദ്ധതി നിർവ്വഹണത്തിൽ താഴെ പ്പറയും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1. പ്രവർത്തി നടപ്പാക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിയും,കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറും ചേർന്ന് ചമച്ച തിയ്യതി 16-6-2016 തിയ്യതിയിലെ 1/16-17) നമ്പർ കരാർ ഉടമ്പടി നമ്പർ പ്രകാരം പ്രസ്തുത പ്രവർത്തി 2016 ഡിസംബർ മാസം 1ന് പൂർത്തീകരിക്കേണ്ടതാണ്. തുക വക മാറ്റുന്നതുമായി ബന്ധപ്പെട്ട് നഗരസഭയുടെ 14-12-2015അപേക്ഷ സർക്കാർ അംഗീകരിച്ചത് കുടിവെള്ള പദ്ധതിക്ക് ഒരു വർഷത്തിനുള്ളിൽ തുക ചെലവഴിക്കണമെന്ന വ്യവസ്ഥയിലാണ്. (നം 08/എഫ്.എം.3/2016/ തസ്വഭവ തി.16.01.2016, 06.01.2016 ലെ 3-6 നമ്പർ വികേന്ദ്രീകൃത ആസൂത്രണത്തിനായുള്ള സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം) ആയത് പ്രകാരം 2017 ജൂൺ മാസം പൂർത്തീകരിക്കേണ്ടതാണ്. നിശ്ചിത സമയത്ത് പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ പിഴ ഈടാക്കുന്നതടക്കമുള്ള മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കുമെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഇല്ല.
2. ജി.ഒ.(ആർ.ടി) 1372/2013 തസ്വഭവ 25.05.2013 പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾക്ക് വേണ്ടി വാട്ടർ അതോറിറ്റിക്ക് തുക നിക്ഷേപിച്ച തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുതിന്റെ അടിസ്ഥാനത്തിൽ അധികതുക അടക്കേണ്ടി വരികയാണെങ്കിൽ ആയത് അടയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ഭാവിയിൽ ഇപ്രകാരം ഡെപ്പോസിറ്റ് ചെയ്യേണ്ടി വരുന്ന സാഹചര്യങ്ങളിൽ എസ്റ്റിമേറ്റ് അടിസ്ഥാനത്തിലുള്ള എഗ്രിമെന്റ് പ്രകാരം മാത്രമേ ഡെപ്പോസിറ്റ് ചെയ്യാവൂ എന്ന് നിഷ്കർഷിച്ച് കൊണ്ട് അനുവാദം നല്കിയിട്ടുണ്ട്.നിലവിൽ 1,90,71,000/- രൂപ ഡെപ്പോസിറ്റ് ചെയ്ത പ്രവർത്തിയുടെ പുരോഗതി വാട്ടർ അതോറിറ്റി നല്കിയിട്ടില്ല.
3. ജിക്ക പദ്ധതിയിൽ ഇന്റർ കണക്ട് ചെയ്ത് ഫറോക്ക് വില്ലേജിലേക്ക് കുടിവെള്ളമെത്തിക്കുന്ന പ്രവൃത്തി എത്രയും പെട്ടെന്ന് നടപ്പാക്കാൻ ആവശ്യമായ പൈപ്പ് പാലക്കാട് പ്രോജക്ട് ഡിവിഷനിലെ പദ്ധതികളിൽ സ്പെയർ പൈപ്പ് ആയി ബാക്കി വന്ന് ഷൊർണ്ണൂർ പി എച്ച് ഡി ഡിവിഷനിലേക്ക് കൈമാറിയ 300 എം എം ഡി കെ 9 പൈപ്പുകൾ ഉപയോഗപ്പെടുത്താൻ 03.02.2016 ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചു.പ്രോജക്ടിൽ മോണിട്ടറിങ്ങ് ഘടകങ്ങളിൽ കരാർ,പൈപ്പിന്റെ ഗുണമേന്മ,പ്രവർത്തിയുടെ വിവിധഘട്ടങ്ങൾ എന്നിവ മോണിട്ടറിങ്ങിന് വിധേയമാക്കുവാൻ വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും ആയത് നടത്തിയിട്ടില്ല.
4. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഫയലിൽ ഇല്ല.

മേൽ അപാകതയുടെ അടിസ്ഥാനത്തിൽ ചെലവ് തുക തടസ്സം ചെയ്യുന്നു

## 3-5 മാർഗ്ഗരേഖക്ക് വിരുദ്ധമായി ഫുട്ബോൾ കോച്ചിങ്ങ് ക്യാമ്പ് നടപ്പാക്കി.

പ്രോജക്ട് പേര്, നം - ഫുട്ബോൾ കോച്ചിങ്ങ് ക്യാമ്പ്, 26/16

അടങ്കൽ തുക - 1,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് തുക 1,00,000/- (ബിൽ നം 3/15-16/06.04.2016)

നിർവ്വഹണം : ഹെഡ്മാസ്റ്റർ

പ്രോജക്ടിന്റെ ഫയൽ പരിശോധനയിൽ താഴെപ്പറയും പ്രകാരമുള്ള അപാകത കാണുന്നു.

ഗ്രാമപഞ്ചായത്തിൽ ഗ്രാമസഭയിലൂടെ (നിലവിൽ നഗരസഭ) തെരഞ്ഞെടുക്കപ്പെടുന്ന 50 കുട്ടികൾക്ക് പരിശീലനം നൽകി ഫുട്ബോളിൽ മികച്ചവരാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് പ്രസ്തുത പ്രോജക്ട് തയ്യാറാക്കുന്നത്. എന്നാൽ സ.ഉ(എം എസ്) നമ്പർ 362/2013/തസ്വഭവ തിയ്യതി 16-11-2013 പ്രകാരമുള്ള മാർഗ്ഗരേഖയിലെ അനുബന്ധം.16 ഖ.2-2 പ്രകാരം പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ, ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ് എന്ന വ്യവസ്ഥ നിലനിൽക്കേ പ്രസ്തുത പ്രോജക്ടിനായി തുക ചെലവഴിച്ചത്.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ്. 30 പ്രകാരം സർക്കാരിന്റെ വിവിധ തലത്തിലുള്ള സ്കൂളുകളുടെ നടത്തിപ്പാണ് നഗരസഭകൾക്ക് നിക്ഷിപ്തമായ ചുമതല. 18.01.1996ലെ (എം.എസ്) 14/96/പൊ.വി. നമ്പർ ഉത്തരവിലൂടെ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും, നടപ്പാക്കേണ്ട പദ്ധതികളും എന്തെല്ലാമാണ് സംബന്ധിച്ച പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ അഡ്മിഷൻ, പഠന വിഷയങ്ങൾ, സിലബസ്, പാഠപുസ്തകങ്ങൾ, പരീക്ഷ നടത്തിപ്പ്, ഗ്രേഡിംഗ്, കായിക പരിശീലനങ്ങൾ തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലകളിൽപെടുന്നില്ല. ഇത്തരം കാര്യങ്ങൾ നിലവിലും സർക്കാരിന്റെ ചുമതലയിലാണ്. 16.11.2013ലെ (എം.എസ്) 362/13/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖകൾ ഖണ്ഡിക.4) തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. മേൽ വിഷയത്തിൽ വിശദീകരണം

നല്കേണ്ടതാണ് എന്ന (നമ്പർ.38) അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുനിസിപ്പൽ നിയമം പ്രകാരം അനുവദനീയമല്ലാത്തതായതിനാലും പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായതിനാലും ചെലവ് തുക 1,00,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ വിശദീകരിച്ച ചെലവ് തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും പദ്ധതി അംഗീകരിച്ച ഉദ്യോഗസ്ഥനിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-6 തെങ്ങിന് ജൈവ വളം വിതരണം : പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ഓഡിറ്റ് വർഷം കൃഷിഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ തെങ്ങിന് ജൈവ വളം വിതരണം പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം 1/15-16

പ്രോജക്ട് തെങ്ങിന് ജൈവ വളം വിതരണം

അടങ്കൽ 700000/- പൊതുവിഭാഗം സാധാരണം

99912/- തനത് ഫണ്ട്

387656/- മറ്റുള്ളവ

ആകെ 791808/-

ചെലവ് ബിൽ നം 1/15-16/17-3-16 തുക 5,37,792/-

ബിൽ നം 2/15-16/17-3-16 തുക 162208/-

പ്രോജക്ട് ഫയൽ പരിശോധനയിൽ 321 ഗുണഭോക്താക്കൾക്ക് 8248 തെങ്ങുകൾക്ക് ജൈവ വളം വിതരണം ചെയ്ത വകയിൽ 537792 രൂപയും,162208 രൂപയും (ചെലവ് ബിൽ നം 1/15-16/17-3-16 തുക 537792/- ബിൽ നം 2/15-16/17-3-16 തുക 162208/-)നൽകിയതായി കാണുന്നു.പ്രോജക്ട് പരിശോധനയിൽ താഴെപ്പറയും പ്രകാരമുള്ള അപാകത കാണുന്നു.

ഗ്രാമപഞ്ചായത്തിൽ എല്ലാ വർഷവും നടപ്പാക്കുന്ന പദ്ധതിയാണ് തെങ്ങിന് ജൈവവളം വിതരണം.ഒരു വർഷം വളം ചെയ്താൽ മൂന്ന് വർഷം കഴിഞ്ഞുമാത്രമേ ഉദ്ദേശിച്ച ആദായം ലഭിക്കുകയുള്ളൂ എന്നത് കണക്കിലെടുത്താൽ സ്ഥിരമായി ആദായം ലഭിക്കുന്ന രീതിയിലാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.ആയത് പ്രകാരം ഒരു തെങ്ങിൽ നിന്നും ശരാശരി 40 തേങ്ങ കണക്കാക്കിയാൽ 329920 തേങ്ങ ആദായം ലഭിക്കുകയും സംഭരണകേന്ദ്രം വഴി ഒരു തേങ്ങക്ക് 5 രൂപ കണക്കാക്കിയാൽ 1649600 രൂപയുടെ ആദായം ഗുണഭോക്താക്കൾക്ക് ലഭി ക്കുകയും വേണം.

ജി.ഒ (എം എസ്)362/2013 തസ്വഭവ തി 16-11-2013 11-2(ഇ vi,vii) പ്രകാരം അംഗീകാരം ലഭിച്ച് നടപ്പാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിട്ടർ ചെയ്യണം. കൂടാതെ ഖ. 19(1) പ്രകാരം മേൽ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതാണ്. എന്നാൽ മാർഗ്ഗരേഖപ്രകാരം മേൽ രീതിയിൽ പ്രോജക്ടിന്റെ ഫലപ്രാപ്തി വിലയിരുത്തിയിട്ടില്ല.

അപാകതയുടെ അടിസ്ഥാനത്തിൽ ചെലവ് തുക 5,37,792/- രൂപ തടസ്സം ചെയ്യുന്നു.

## 3-7 എസ് സി ഫ്ലാറ്റ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചില്ല. പിഴ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചില്ല.

2011-12, 2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ, എസ്സ് .സി ഫ്ലാറ്റ് നിർമ്മാണം പദ്ധതി 2011ൽ ആരംഭിച്ച് 2013 അവസാനിപ്പിക്കേണ്ടതും, സർക്കാരിന്റെ അനുമതിയില്ലാതെ നടപ്പാക്കിയതിനാലും ചെലവ് തുക തടസ്സപ്പെടുത്തിയിരുന്നു. കൂടാതെ ഹാജരാക്കിയ ഫയലിൽ 20.5.2015 ൽഅസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിയ്ക്ക് നല്കിയപ്രവൃത്തി റിപ്പോർട്ടിൽ 1.3.2012ലെAE/KP/48/11-12 നമ്പർ എഗ്രിമെന്റ് വച്ചതായും നാളിതുവരെ പണിപൂർത്തീകരിച്ചിട്ടില്ല എന്നും, എസ്റ്റിമേറ്റിൽ 8% കൺസൾട്ടൻസിചാർജ്ജ് ഉൾപ്പെടുത്തിയാണ് യൂണിറ്റ് കോസ്റ്റ് കണ്ടുപിടിച്ചിരിയ്ക്കുന്നത്. 50ലക്ഷം രൂപയ്ക്ക് മുകളിൽ കൺസൾട്ടൻസി ചാർജ്ജ് 7% ആണ് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കത്തിൽ നാളിതു വരെയുള്ള ചെലവു തുകയുടെ വിവരങ്ങളും അധികം നല്കിയ തുകയുടെ വിവരവും ടാക്സ് ഒടുക്കാത്തതിനെക്കുറിച്ചും വിശദമാക്കിയിട്ടുണ്ട്. എന്നാൽ 2015-16 വർഷം ഇവയൊന്നും പരിഗണിക്കാതെ സ്ഥാപനത്തിന് 8,21,544/- രൂപ പ്രോജക്റ്റ് മാനേജർ, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് നല്കിയിട്ടുണ്ട്. എന്നാൽ ഇതിനായി പദ്ധതി രൂപീകരിച്ചില്ല. അവസാനവട്ടം തുക നല്കുന്ന വേളയിൽ ടി ഗ്രൂപ്പ് സമയബന്ധിതമായി

തീർപ്പാക്കാത്തതിന് പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതും, മറ്റപാകതകൾ ക്രമവൽക്കരിയ്ക്കേണ്ടതുമാണ്.

## 3-8 മാർക്കറ്റ് റേറ്റിലും അധികം വകയിരുത്തിയിട്ട് ചെലവഴിക്കാത്ത ടാറിന്റെ വില തിരികെ ഈടാക്കിയില്ല.

2015-16ൽ സ്പിൽഓവർ പ്രോജക്ട് ഉൾപ്പടെ ആകെ ടാറിംഗ് വർക്കുകൾ 16 എണ്ണം ഉണ്ട്. ആയതിലേക്കായി 180 ബാരൽ ടാറ് പഞ്ചായത്തിൽ നിന്നും വാങ്ങി നല്കിയിട്ടുണ്ട്.എസ്റ്റിമേറ്റിൽ ഡി എസ് ആർ പ്രകാരം ടാറിന്റെവിലനിശ്ചയിയ്ക്കുകയും ആനിരക്കിലുള്ള തുക ബില്ലിൽ നിന്നും കുറവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുക മുനിസിപ്പാലിറ്റിയുടെ ജനറൽ ഫണ്ടിൽ ഡിപ്പോസിറ്റ് ചെയ്തതായാണ് കാണുന്നത്. മാംഗ്ലൂർ റിഫൈനറി & പെട്രോകെമിക്കൽസിൽ നിന്ന് വാങ്ങുന്നതിന് മുനിസിപ്പൽഫണ്ടിൽനിന്നും 9,15,753.60/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുക മുനിസിപ്പൽ ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതും, ഡി എസ് ആർ റേറ്റ് പ്രകാരം അധികം വകയിരുത്തിയിട്ട് ചെലവഴിക്കാത്ത തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.

## 3-9 തെരുവു വിളക്കുകൾ സ്ഥാപിക്കലും അറ്റകുറ്റപ്പണികളും - പ്രൊജക്ട് നടത്തിപ്പിൽ അപാകതകൾ

പ്രൊജക്ട് നമ്പർ - 164/2016

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 4,00,000/- രൂപ
(3,00,000/- രൂപ,തനതു ഫണ്ട് + 1,00,000/- രൂപ, വികസനഫണ്ട് പൊതുവിഭാഗം)

ചെലവ് - 198498/-രൂപ
(ഡി.ഡി. നം.793426/29.03.2016) + 1,105,02/- രൂപ (ഡി.ഡി. നം.793422/29.03.2016)

45 നിലവിലുള്ള തെരുവുവിളക്കുകൾ ഒരു വർഷത്തേക്ക് റിപ്പയർ ചെയ്ത് സംരക്ഷിക്കുകയും ചെയ്യുന്നതിനായിട്ടാണ് പ്രൊജക്ട് ആവിഷ്കരിച്ചത്. ഇതിന്റെ ആവശ്യത്തിനായി താഴെപ്പറയുന്ന സാമഗ്രികൾ ക്രൂസിൽ നിന്ന് 110502/- രൂപ ചെലവിൽ വാങ്ങി (ഇൻവോയ്സ് നമ്പർ 862/22.1.2016).

| ഇനം | എണ്ണം |
|---|---|
| 36/40w ട്യൂബ് | 200 |
| ഇലക്ട്രോണിക്സ് ചോക്ക്36/40w | 300 |
| സ്റ്റാർട്ടർ | 100 |
| ഹോൾഡർ | 100 |
| ആകെ | 700 |

ശ്രീ. പ്രജേഷ് എം. എന്നയാൾ നൽകിയ ഒരു ടെണ്ടർ പ്രൊജക്ടിന്റെ ഫയലിലുണ്ട്. ഇതിൽ ചെയ്യേണ്ട പ്രവൃത്തികളുടെ നിരക്ക് രേഖപ്പെടുത്തിയിട്ടില്ല.6 % എസ്റ്റിമേറ്റ് നിരക്കിൽ കുറവ് വരുത്തിയതായിട്ടാണ് ടെണ്ടർ ഫയലിൽ രേഖപ്പെടുത്തിയത്. ഒരു വർഷക്കാലത്തേക്ക് എ.എം.സി. അടിസ്ഥാനത്തിൽ തെരുവുവിളക്കുകളുടെ സംരക്ഷണത്തിനായി കരാറുകാരൻ പഞ്ചായത്തുമായി കരാർ വച്ചതിൽ തിയ്യതി, വർഷം,എ എം സി നിരക്ക് എന്നിവ രേഖപ്പെടുത്തിയിട്ടില്ല . എന്നാൽ മുകളിൽ സൂചിപ്പിച്ച പ്രകാരം 22.1.2016 നാണ് പ്രവൃത്തിക്കാവശ്യമായ സാധനങ്ങൾ ക്രൂസിൽ നിന്ന് ലഭിക്കുന്നത്. എന്നാൽ എത്രയെണ്ണം ക്രൂസിൽ നിന്ന് ലഭിച്ച സാമഗ്രികൾ പഞ്ചായത്തിന്റെ സ്റ്റോക്ക് റജിസ്റ്ററിൽ ചേർത്തിട്ടില്ല.ആയതിനാൽ കരാറുകാരന് പരിപാലനത്തിനായി എത്ര സാധനങ്ങൾ നൽകിയെന്ന് വ്യക്തമല്ല. 2.3.2016 ന് കരാറുകാരൻ നൽകിയ കത്തിൽ എ.എം.സി. പ്രകാരം 38 വാർഡുകളിലെ 425 ട്യൂബ് ലൈറ്റുകളും റിപ്പയർ ചെയ്ത് കത്തിച്ചുവെന്നും ടെന്റർ പ്രകാരമുള്ള തുകകൾ നൽകണമെന്നും ആവശ്യപ്പെട്ടു. അതു പ്രകാരം 29-.3.2016 ലെ ഡി.ഡി. നമ്പർ 793426 പ്രകാരം 1,98,498/- രൂപ കരാറുകാരന് നൽകി. ഈ പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. തെരുവുവിളക്കുകളുടെ മെയിന്റനൻസുമായി ബന്ധപ്പെട്ട് തദ്ദേശ ഭരണവകുപ്പ് പുറപ്പെടുവിച്ച 3055/ഡ.എ.3

/2011/തഭവ തീ. 15.9.2011 നമ്പർ സർക്കുലർ പ്രകാരം തെരുവുവിളക്കുകളുടെ സംരക്ഷണം എ.എം.സി. വച്ച് ഏറ്റെടുക്കുന്ന കരാറുകാരന്റെ ബാദ്ധ്യതയും അവകാശങ്ങളും ഖണ്ഡിക (ഇ) പ്രകാരം തെരുവുവിളക്കുകളുടെ സ്ഥാപിക്കലുമായി ബന്ധപ്പെട്ട തെരുവുവിളക്കുകളുടെ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട വ്യക്തികളുടെ ഫോൺനം,കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.ഇപ്രകാരം ലഭ്യമാക്കുന്ന പരാതി സമയം,തിയ്യതി,പേര്,പരാതിയുടെ വിവരണം ,പോസ്റ്റ് ഉൾപ്പെടെ എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കി കെ.എസ്.ഇ.ബി യിലോ,പഞ്ചായത്തിലോ സൂക്ഷിക്കേണ്ടതും,കരാറുകാരൻ എല്ലാ ദിവസവും പരാതി രജിസ്റ്റർ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.എന്നാൽ ഈ പ്രൊജക്ടിന്റെ നടത്തിപ്പിൽ ഇപ്രകാരം ചെയ്യുകയുണ്ടായില്ല. ഖണ്ഡിക (എ)പ്രകാരം തെരുവുവിളക്കുകളുടെ മെയിന്റനൻസുമായി ബന്ധപ്പെട്ട സ്പെയർ പാർട്ട്സുകളുടെ വിതരണവുമുൾപ്പെടെ എല്ലാ ജോലികളും കരാറുകാരന്റെ ജോലിയിൽ പ്പെടുന്നതാണ്.എന്നാൽ കരാറുകാരനായ ശ്രീ.പ്രജീഷ് ഇത്തരത്തിൽ അറ്റകുറ്റപ്പണി നടത്തിയ സാധനങ്ങൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിച്ചതായി രേഖയില്ല. ഇൻകം ടാക്സ് നിയമത്തിലെ സെക്ഷൻ 194 സി പ്രകാരം എ.എം.സി. മുഖേന പ്രവൃത്തി നടപ്പാക്കുന്ന കരാറുകാരിൽ നിന്ന പ്രവൃത്തി തുകയുടെ 1% ആദായനികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ ശ്രീ. രാജേഷ് കുമാർ എന്ന കരാറുകാരന് 1,98,498/-രൂപ നൽകിയപ്പോൾ ഇപ്രകാരമുള്ള കുറവു വരുത്തിയില്ല.

2. തെരുവു വിളക്കുകളുടെ സംരക്ഷണത്തിനാവശ്യമായ ഇലക്ട്രിക്കൽ സമഗ്രികൾ ക്രൂസിൽ നിന്ന് 21.01.2016 ൽ ലഭിച്ച 1,10502/-രൂപയുടെ സാധനങ്ങൾ ഏതേത് പോസ്റ്റുകളിൽ ഘടിപ്പിച്ചുവെന്നതിന്റെ രേഖയില്ല.

3. കരാറുകാരനായ ശ്രീ പ്രജീഷുമായി തെരുവു വിളക്കുകളുടെ കരാർ വച്ചത് ഉപാധികളൊന്നും തന്നെ രേഖപ്പെടുത്താതെയാണ്. കരാർ വക്കാതെ തുക നൽകിയത് തെരുവുവിളക്കുകളുടെ മെയിന്റനൻസുമായി ബന്ധപ്പെട്ട് തദ്ദേശ ഭരണവകുപ്പ് പുറപ്പെടുവിച്ച 3055/ഡ.എ.3/2011/തഭവ തീ. 15.9.2011 നമ്പർ സർക്കുലറിലെ മാർഗ്ഗരേഖ (പൊതുവിതരണം (സി))പ്രകാരം നിയമ വിരുദ്ധമാണ്.കൂടാതെ തെരുവ് വിളക്ക് അനുബന്ധ വസ്തുക്കൾ മുതലായവ സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രദേശം തദ്ദേശസ്വയം ഭരണസ്ഥാപനത്തിലെയും കെ എസ് ഇ ബി യിലെയും അധികാരികൾ സംയുക്ത പരിശോധന നടത്തുകയും ഇവ സംബന്ധിച്ച് ടെണ്ടർ രേഖകളിൽ വ്യക്തമായി പരാമർശിച്ചിരിക്കേണ്ടതാണ്.

4. കരാറുകാരൻ നൽകിയ ടെണ്ടറിൽ പ്രവൃത്തിക്ക് നൽകേണ്ട നിരക്ക് എത്രയെന്ന് ചേർത്തിട്ടില്ല. 6% കുറവ് എന്നു മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

5. പുതിയ വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച് കെ.എസ്.ഇ.ബി.യിൽ നിന്നുള്ള സാക്ഷ്യപത്രമില്ല.

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ് മുകളിൽ സൂചിപ്പിച്ച അപാകതകൾക്കു വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ ഇൻകം ടാക്സ് ഇനത്തിൽ ഈടാക്കാതിരുന്ന 1,985/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ശേഷിക്കുന്ന 1,96,513/- രൂപ,ക്രൂസിൽ നിന്ന് വാങ്ങിയ 1,10,502രൂപയുടെ ചെലവ് ഓഡിറ്റ് തടസത്തിൽ വയ്ക്കുന്നു. അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം നൽകാത്ത പക്ഷം ചട്ടങ്ങൾ പാലിക്കാതെ പ്രൊജക്ട് നടപ്പിലാക്കിയ സെക്രട്ടറിയുടെ ബാധ്യതയായി നിജപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ കരാർ കാലാവധിയ്ക്കുശേഷം പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചതിനുള്ള മോണിറ്ററിംങ്ങ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 3-10 തെരുവു വിളക്കുകളുടെ പരിപാലനം പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് നമ്പർ - 22/2015

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി.

അടങ്കൽ - 3,00,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ചെലവ് -3,00,000/- രൂപ (ഡി.ഡി.നമ്പർ 363125/21.10.2015)

ഗ്രാമപഞ്ചായത്തിലെ 458 ഡബിൾ ട്യൂബ് ലൈറ്റുകളും 450 സിംഗിൾ ട്യൂബ് ലൈറ്റുകളും ഒരു വർഷത്തേക്ക് ലേബർ, മറ്റീരിയൽ എന്നിവയടക്കം എ.എം.സി. വ്യവസ്ഥയിൽ പരിപാലിക്കുന്നതിന് 440.50 രൂപ നിരക്ക് കാണിച്ചു കൊണ്ട് കഴിഞ്ഞ സാമ്പത്തിക വർഷം ടെണ്ടർ ക്ഷണിച്ചു. നാല് ടെണ്ടറുകൾ ലഭിച്ചതിൽ എസ്റ്റിമേറ്റ് നിരക്ക് ക്വോട്ടു ചെയ്ത ശ്രീ. സനോഷ്, നോർത്ത് ബേപ്പൂർ എന്നയാളുടെ ടെണ്ടർ അംഗീകരിച്ചു. ഇതു സംബന്ധിച്ച് ശ്രീ. സനോഷ് നൽകിയ ഒരു കത്ത് ഫയലിലുണ്ട്. തെരുവുവിളക്കുകളുടെ പരിപാലനം എ.എം.സി. അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്ന കരാറുകാരിൽ നിന്നു കരാർ തുകയുടെ 10% തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി ഈടാക്കണമെന്ന സർക്കാർ നിർദ്ദേശമുണ്ടായിട്ടും യാതൊരു തുകയും ഡെപ്പോസിറ്റായി ഈടാക്കിയില്ല. 6.1.2015 ന് കരാറുകാരൻ പഞ്ചായത്തുമായി കരാർ വച്ചു. തുടർന്ന് ഒന്നാം ഗഡുവായി 1,00,000/- രൂപ 18.3.2015 നം(പ്രോജക്ട് നം 120/15) 3,00,000/- രൂപ 19.9.2015 നം നൽകി . ഒരു വർഷത്തേക്കുള്ള കരാറെന്ന നിലയിൽ മുഴുവൻ തുകയും കരാർ കാലവധി അവസാനം, അതായത്, 6.1.2016 ന ശേഷമാണ് നൽകേണ്ടത്. ഇതു പരിഗണിക്കാതെ മുഴുവൻ തുകയും മുൻകൂറായി നൽകി. ഇൻകം ടാക്സ് നിയമത്തിലെ സെക്ഷൻ 194 പ്രകാരം എ.എം.സി. തുകയിൽ നിന്ന് 1% തുക കുറവു ചെയ്ത ശേഷമായിരുന്നു തുക നൽകേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരം തുക കുറവു ചെയ്തിട്ടില്ല.

മുകളിൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ ഇൻകം ടാക്സ് ഇനത്തിൽ ഈടാക്കാതിരുന്ന 3,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ശേഷിക്കുന്ന 2,96,000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസത്തിൽ വയ്ക്കുന്നു. അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം നൽകാത്ത പക്ഷം ചട്ടങ്ങൾ പാലിക്കാതെ പ്രൊജക്ട് നടപ്പിലാക്കിയ സെക്രട്ടറിയുടെ ബാധ്യതയായി നിജപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ കരാർ കാലാവധിയ്ക്കുശേഷം പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചതിനുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## **3-11** വീട് വെക്കാൻ സ്ഥലം നൽകൽ : ലിസ്റ്റിൽ പെടാത്ത ഗുണഭോക്താവിന് ധനസഹായം നൽകി

പ്രോജക്ട് നം 171/16

പ്രോജക്ട് വീട് വെക്കാൻ സ്ഥലം നൽകൽ

അടങ്കൽ 400000/-

ഫണ്ട് വികസന ഫണ്ട് എസ്സ് സി പി

ചെലവ് 150000/-(ഡി ഡി നം 362437/1-8-15)

നിർവ്വഹണം അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ ഫയൽ പരിശോധനയിൽ താഴെ പ്പറയും പ്രകാരമുള്ള അപാകത കാണുന്നു.

പ്രസ്തുത പ്രോജക്ടിന്റെ ഗുണഭോക്താവായി ശ്രീമതി പ്രവിതയെ നൂറുൽ ഹുദായിൽ 14-8-2014 ൽ ചേർന്ന 22-)ം വാർഡ് ഗ്രാമസഭയിൽ നാലാംപേരുകാരിയായി ഉൾപ്പെട്ടതായി മിനിട്സിൽ കാണുന്നു.(പേജ് ന ം 235).മറ്റു മൂന്നു പേരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ ക്രമനമ്പർ | പേര് |
|---|---|
| 1 | പ്രസാദ് .കെ |
| 2 | ജിനീഷ് .കെ |
| 3 | വിക്രമൻ.കെ |
| 4 | പ്രവിത.എൻ |

ഗുണഭോക്താവായി തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി പ്രവിതക്ക് സ്വന്തമായി ഭൂമിയില്ലെന്നും, പിതാവിന്റെ പേരിലുള്ള ഭൂമിയിൽ 3 സഹോദരിമാർക്കുള്ള ഓഹരി വിഹിതത്തിൽ ഒരു വിഹിതം മാത്രമേ ഉള്ളൂ എന്ന് വില്ലേജ് ഓഫീസർ സർട്ടിഫിക്കറ്റ് കൊടുത്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താവിന്റെ സഹോദരിമാരായ ശ്രീമതി പത്മിനി, സാവിത്രി, രതില എന്നിവർ അവർക്കവകാശപ്പെട്ട 63-)ം റീസർവ്വേയിൽ പ്പെട്ട 3 സെന്റ് ഭൂമി പ്രവിതക്ക് നല്കുകയും, പ്രവിതക്ക് ലഭിക്കേണ്ട ധനസഹായം സഹോദരിയായ പത്മിനിക്ക് നൽകുവാൻ സമ്മതമാണെന്ന് കാണിച്ച് മറ്റു സഹോദരിമാരായ സാവിത്രി,രതില എന്നിവർ അസിസ്റ്റന്റ് സെക്രട്ടറിക്ക് കത്ത് നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവിതക്ക് നല്കേണ്ട ധനസഹായമായ 1,50,000/-രൂപ ഗുണഭോക്താവല്ലാത്ത പത്മിനിക്ക് നൽകി (ഡി.ഡി. നം 362437/01.08.2015).ഗ്രാമസഭാ മിനിട്സിലെ മുൻഗണനാക്രമം പ്രകാരം ക്രമനമ്പർ 1,2,3 പേരുകാരായ പ്രസാദ് .കെ, ജിനീഷ് .കെ, വിക്രമൻ.കെ എന്നിവരെ മറികടന്നാണ് 4-ം പേരുകാരിയായ പ്രവിതക്ക് നൽകിയത്. ക്രമനമ്പർ 1,2,3 പേരുകാരായ പ്രസാദ് .കെ, ജിനീഷ് .കെ, വിക്രമൻ.കെ എന്നിവർ തങ്ങൾക്ക് ധനസഹായം ആവശ്യമില്ലെന്ന് കാണിച്ച് പഞ്ചായത്തിന് സമ്മതപത്രം നൽകിയിട്ടില്ല .ഗുണഭോക്തൃലിസ്റ്റിൽ പേരില്ലാത്ത വ്യക്തിക്ക് ധനസഹായം നല്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന 45-)ം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## **3-12** ഭവന പുനരുദ്ധാരണ പദ്ധതി: അർഹതാ മാനദണ്ഡങ്ങൾ അന്വേഷണറിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നില്ല.

പ്രോജക്ട് നം 131/15-16

പ്രോജക്ട് ഭവന പുനരുദ്ധാരണ പദ്ധതി

അടങ്കൽ 30,00,000/-(700000 വികസന ഫണ്ട്, 2300000 തനത് ഫണ്ട്)

ചെലവ് 17,50,000/- (525000/-പൊതുവിഭാഗം സാധാരണ വിഹിതം, 1225000/- തനത് ഫണ്ട്)

ഓഡിറ്റ് വർഷം വി ഇ ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഭവന പുനരുദ്ധാരണപ്രോജക്ടിൽ 70 ഗുണഭോക്താക്കൾക്ക് 25000/- രൂപ വീതം നൽകിയിട്ടുണ്ട്.സ.ഉ (എം എസ്)നമ്പർ 362/2013/തസ്വഭവ തിയ്യതി 16-11-2013 ഖ 3-5(5)ലെ പ്രധാനമാനദണ്ഡമായ പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞുമാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളൂ എന്നതിന് വിധേയമായിട്ടാണ് ധനസഹായം നൽകിയതെന്ന റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ വി ഇ ഒ തന്റെ അന്വേഷണറിപ്പോർട്ടിൽ എഴുതിയിട്ടില്ല.കൂടാതെ ഗുണഭോക്താക്കൾ വച്ച കരാർ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ടതാകയാൽ പഞ്ചായത്തുമായി വച്ച കരാറിന് നിയമസാധുതയില്ല. മേൽ അപാകത ശ്രദ്ധിക്കേണ്ടതാണ്.

## 3-13 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവക്ക് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു.

30.05.2009ലെ (സാധാ) നം.1275/2009/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം (ഖണ്ഡിക.നം.3-2,3.) തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുകയും നേരിട്ട് പരിപാലിക്കുകയും ചെയ്യുന്ന കുടിവെള്ള പദ്ധതികൾ തുടർ നടത്തിപ്പിനായി ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് ഏൽപ്പിക്കേണ്ടതും കുടിവെള്ള പദ്ധതികളുടെ തുടർസംരക്ഷണം, നടത്തിപ്പ്, വാർഷിക അറ്റകുറ്റപണി എന്നിവ ഗുണഭോക്തൃ ഗ്രൂപ്പുകളുടെ ചുമതലയിൽ നടത്തേണ്ടതുമാണ്. (വൈദ്യുതി ചാർജ്ജ്, ഓപ്പറേറ്ററുടെ വേതനം ഉടങ്ങിയവ). എന്നാൽ സർക്കാർ നിർദ്ദേശം പാലിക്കാതെ നിലവിലും കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവ അടവാക്കുന്നത് തനത് ഫണ്ടിൽ നിന്നുമാണ്.

10.03.2015തീയ്യതിയിലെ പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ പങ്കെടുത്ത മെമ്പർമാർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന എല്ലാ കുടിവെള്ള പദ്ധതികളുടേയും വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്റർമാരുടെ വേതനം എന്നിവ നലിവിൽ നൽകി വരുന്നത് തുടർന്ന് നൽകുവാൻ തീരുമാനിക്കുകയും ആയതിനായി സെക്രട്ടറിയോട് നിർദ്ദേശിക്കുകയും ചെയ്തു. (തീരുമാനം നം.5). ആയതിനനുസരിച്ച് കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, ഓപ്പറേറ്ററുടെ വേതനം ഉടങ്ങിയവ നിലവിലും നൽകി വരുന്നുണ്ട്.

നിലവിൽ നഗരസഭ ഫണ്ടിൽ നിന്നും 22 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവ നൽകുന്നുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ വൈദ്യുതി ചാർജ്ജിനത്തിൽ ചെലവഴിച്ച തുക 3,12,126/- രൂപയും 3 പമ്പ് ഓപ്പറേറ്റർമാർക്ക് ദിവസം വേതനം നൽകിയതുമാണ് ആകെ ചെലവുകൾ. പ്രസ്തുത ചെലവുകൾ പരിശോധിച്ചതിൽ നിന്നും ഗുണഭോക്താക്കൾക്ക് പ്രതിമാസം 50/- രൂപയോ അധിലതികമോ മാത്രമാണ് വരുന്നത്. സർക്കാർ നിർദ്ദേശ പ്രകാരം കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പ് ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 നിയമവിരുദ്ധമായി തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തുന്നു.

2011 ലെ കേരള മുനിസിപ്പാലിറ്റി (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണം)ചട്ടങ്ങളിലെ ചട്ടം.3 (8) എന്നിവ പ്രകാരം നഗരസഭക്ക് സേവനം വിട്ടു കൊടുക്കപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർ സ്ഥലം മാറ്റം മൂലമോ, അവധിമൂലമോ, മറ്റേതെങ്കിലും കാരണം കൊണ്ടോ പഞ്ചായത്തിനോ, മുനിസിപ്പാലിറ്റിക്കോ സേവനം വിട്ടുകൊടുക്കപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥന്റേയോ ജീവനക്കാരന്റേയോ തസ്തികയിൽ ഒഴിവുണ്ടായാൽ പ്രസ്തുത ഒഴിവ് നികത്തുന്നതിന് മറ്റൊരു സർക്കാർ ഉദ്യോഗസ്ഥന്റേയോ, ജീവനക്കാരന്റേയോ സേവനം ഉടനെ വിട്ടു കിട്ടാത്ത സാഹചര്യത്തിൽ, സർക്കാരിന്റെ പൊതുമാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട നിയമനാധികാരിയെ മുൻകൂട്ടി അറിയിച്ചു കൊണ്ട്, ആ ഒഴിവിൽ

(എ) എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേനയോ

(ബി) എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേന ഒരു ഉദ്യോർഗാർത്ഥിയെ ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ പ്രത്യേകം നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം കരാർ അടിസ്ഥാനത്തിലോ

മറ്റൊരാളെ 6 മാസത്തിൽ കൂടുതലല്ലാത്ത കാലയളവിലേക്കോ ഒരു സർക്കാർ ഉദ്യോഗസ്ഥനോ, ജീവനക്കാരനോ പ്രസ്തുത ഒഴിവിലേക്ക് നിയമിക്കപ്പെടുകയോ ഇതിൽ ഏതാണോ ആദ്യം അതുവരേയ്ക്കായി താൽകാലികമായി നിയമിക്കാവുന്നതാണ്.

എന്നാൽ സർക്കാർ അനുവദിച്ച തസ്തികകൾ, പ്രത്യേക ഉത്തരവുകൾ മുഖാന്തിരമുള്ള നിയമനങ്ങൾ എന്നിവ കൂടാതെയും 13.01.2016 ന് ഭരണസമിതി തീരുമാനമെടുത്ത് (നം.5) 13തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തിയിട്ടുണ്ട്. സർക്കാരിന്റെ അനുമതിയില്ലാതെ അനധികൃത നിയമനങ്ങൾ നടത്തി നഗരസഭ ഫണ്ടിൽ നിന്നും വേതനം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും നഗരസഭ കാര്യാലയത്തിലെ തസ്തികകളിൽ ജീവനക്കാരെ നിയമിക്കുമ്പോൾ നിയമനാധികാരിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇതുമായി ബന്ധപ്പെട്ട ചെലവുകൾ സെക്രട്ടറിയുടെയും ബന്ധപ്പെട്ട അക്കൌണ്ടസ് വിഭാഗത്തിന്റേയും ബാദ്ധ്യതയായി നിജപ്പെടുത്തി

നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നതാണ്.

## 3-15 സ്വയം തൊഴിൽ സംരംഭങ്ങൾ പ്രവർത്തന രഹിതം

ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ആളുകളെ മൈക്രോ സംരംഭങ്ങളിലേക്ക് കൊണ്ടു വന്ന് സ്ഥായിയായ തൊഴിൽ സംരംഭങ്ങളിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം ഇല്ലാതാക്കുന്നതിനായി മുൻവർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് (നിലവിൽ നഗരസഭ) വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതി മുഖേന സബ്സിഡി ലഭിച്ച് ആരംഭിച്ച തൊഴിൽ സംരംഭങ്ങളുടെ നിലവിലെ പ്രവർത്തനങ്ങൾ, സംരംഭങ്ങളുടെ വിജയ, പരാജയങ്ങൾ എന്നിവ പരിശോധിച്ചതിൽ നിന്നും ചില സംരംഭങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| യൂണിറ്റിന്റെ പേര്, തൊഴിൽ സംരംഭം | ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം | പദ്ധതി തുക | സബ്സിഡി അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|---|---|
| ഫൈവ് സ്റ്റാർ കാറ്ററിംഗ് | 2010 | 5 | 100000 | 50000 | പ്രവർത്തിക്കുന്നില്ല |
| സൌഭാഗ്യ ഡയറക്ട് മാർക്കറ്റിംഗ് | 2010 | 5 | 100000 | 50000 | ടി |
| ലക്ഷ്യ ടൈലറിംഗ് യൂണിറ്റ് | 2010 | 5 | 100000 | 50000 | ടി |
| അനുഗ്രഹ മാർക്കറ്റിംഗ് | 2010 | 5 | 100000 | 50000 | ടി |
| ശ്രുതി സാരി ഡിസൈനിംഗ് & ഗാർമെന്റ്സ് യൂണിറ്റ് | 2010 | 5 | 100000 | 50000 | ടി |
| അൽഫ ടൈലറിംഗ് യൂണിറ്റ് | 2010 | 5 | 100000 | 50000 | ടി |
| കൃപസാഗരം യൂണിറ്റ് | 2010 | 5 | 250000 | 125000 | ടി |
| ശക്തി അവിൽ യൂണിറ്റ് | 2007 | 10 | 20000 | 10000 | ടി |
| സേവന ഡയറക്റ്റ് മാർക്കറ്റിംഗ് | 2006 | 5 | 50000 | 25000 | ടി |
| പവിഴം ഗോട്ട് ഫാർമിംഗ് | 2007 | 10 | 30000 | 10000 | ടി |
| ക്യാരി ബാഗ് യൂണിറ്റ് | 2007 | 5 | 10000 | 5000 | ടി |
| സംഗമം മാർക്കറ്റിംഗ് | 2005 | 5 | 50000 | 25000 | ടി |
| മുന്നേറ്റം ക്യാരി ബാഗ് യൂണിറ്റ് | 2007 | 5 | 10000 | 5000 | ടി |
| വീൽ ബാരോ യൂണിറ്റ്.1 | 2008 | 5 | 7000 | 3500 | ടി |
| വീൽ ബാരോ യൂണിറ്റ്.2 | 2008 | 5 | 7000 | 3500 | ടി |
| ആശ്രയ ഡയറക്റ്റ് മാർക്കറ്റിംഗ് | 2004 | 10 | 50000 | 25000 | ടി |
| ഹിദായത്ത് ഡയറക്റ്റ് മാർക്കറ്റിംഗ് | 2007 | 10 | 50000 | 25000 | ടി |
| യുവശ്രീ ബട്ടൺ ഹോൾസ് പഞ്ചിംഗ് യൂണിറ്റ് | 2008 | 10 | 20000 | 100000 | ടി |

സബ്സിഡി അനുവദിച്ച് സ്വയം തൊഴിൽ സംരംഭങ്ങളുടെ ആരംഭം മുതൽ വിവിധ ഘട്ടങ്ങളിൽ പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടത് സി.ഡി.എസ് ന്റെ അനിവാര്യ ചുമതലയിൽപെട്ടതാണ്. മേൽ വിവരിച്ചവയിൽ പല പദ്ധതികളും കൃത്യമായ മോണിറ്ററിംഗിലൂടെയും, സഹായ സഹകരണങ്ങൾ, ഉപദേശങ്ങൾ എന്നിവ വഴി നിലനിർത്താമായിരുന്നതാണ്. എന്നാൽ സബ്സിഡി വിതരണം ചെയ്തതിനു ശേഷം സംരംഭങ്ങളുടെ തുടർ പ്രവർത്തനങ്ങളിൽ നിരീക്ഷണങ്ങൾ നടത്തി ആവശ്യമായ സഹായ സഹകരണങ്ങൾ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും നൽകിയില്ല. തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിലൂടെ തങ്ങളുടെ കടമ കഴിഞ്ഞു എന്ന സമീപനമാണ് പഞ്ചായത്ത് സ്വീകരിച്ചത്. കൂടാതെ തങ്ങൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ യാതൊരു തരത്തിലും ദുരുപയോഗം ചെയ്യില്ല എന്ന് കരാർ മുഖേന പഞ്ചായത്തിൽ സത്യവാങ്ങ് മൂലം എഴുതി തരുന്ന ഗുണഭോക്താക്കളും പഞ്ചായത്തുമായി ചമച്ച കരാർ പാലിക്കുന്നതിൽ

വീഴ്ച വരുത്തുകയും, കരാർ ലംഘനം നടത്തുകയും ചെയ്തിട്ടുണ്ട്. സബ്സിഡി കൈപ്പറ്റിയ ഗുണഭോക്താക്കൾ ആയത് വിനിയോഗിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്തിൽ നിന്നും അനുവദിച്ച തുക പലിശ സഹിതം തിരികെയീടാക്കേണ്ടതാണ്. നടപടിക്രമങ്ങൾ ഓഡിറ്റിൽ യഥാസമയം അറിയിക്കേണ്ടതാണ്.

## 3-16 ഐ.കെ.എം. വിന്യസിച്ച സോഫ്റ്റ് വെയറുകൾ പ്രവർത്തന വിവരം ലഭ്യമാക്കേണ്ടതാണ്.

29.05.2009ലെ(ആർ.ടി)1265/09/ത.സ്വ.ഭ.വ, 08.03.2016ലെ (സാധാ)1228/2016/ ത.സ്വ.ഭ.വ. എന്നീ നമ്പർ ഉത്തരവുകളിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾ എല്ലാ വർഷവും ഐ.കെ.എം.ന്റെ പ്രവർത്തനത്തിനു വേണ്ടി തങ്ങൾക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ടിൽ നിനിന്നും നിർബന്ധമായും പണം നീക്കിവെക്കേണ്ടതാണെന്ന് വ്യക്തമാക്കി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ഐ.കെ.എം.വിന്യസിച്ച സോഫ്റ്റ് വെയറുകളുടെ നിലവിലെ പ്രവർത്തനാവസ്ഥ താഴെ പറയുന്ന തരത്തിൽ ലഭ്യമാക്കേണ്ടതാണ്.

| സോഫ്റ്റ് വെയർ ഇനം | നിലവിലെ അവസ്ഥ |
|---|---|
| സാംഖ്യ | പ്രവർത്തനക്ഷമമാണ്. |
| സ്ഥാപന | പ്രവർത്തിക്കുന്നില്ല |
| സഞ്ചയ | സാംഖ്യയുമായി ഇന്റഗ്രേറ്റ് ചെയ്തിട്ടില്ല |
| സചിത്ര | പ്രവർത്തിക്കുന്നില്ല |
| സകർമ്മ | |
| സുലേഖ | |
| സേവന (സാമൂഹ്യ പെൻഷൻ) | |
| സേവന (ജനനം, മരണം) | |
| സൂചിക | പ്രവർത്തനം പൂർണ്ണമല്ല |

മുകളിൽ വിവരിച്ച സോഫ്റ്റ് വെയറുകൾ അതിന്റെ പരിപൂർണ്ണമായ അവസ്ഥയിൽ പ്രവർത്തിക്കാത്തതിനാൽ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ വിവരങ്ങൾ കാലികമല്ല. ഐ.കെ.എം.ന് വർഷം തോറും പണം നൽകുന്നതോടെ തങ്ങളുടെ ഉത്തരവാദിത്വം കഴിഞ്ഞു എന്ന നിലപാടിലാണ് അധികാരികളും. സ്ഥാപനത്തിലെ കമ്പ്യൂട്ടർവൽക്കരണം കാലതാമസമില്ലാതെ പൂർത്തിയാക്കേണ്ടതുമാണ്. മേൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി നടപടികൾ സ്വീകരിക്കുന്നതിന് കൌൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-17 സാമൂഹ്യ സുരക്ഷാ പെൻഷൻ : വരുമാനം സംബന്ധിച്ച് അന്വേഷണറിപ്പോർട്ട് യുക്തിസഹമല്ല.

സമൂഹത്തിൽ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് സാമൂഹിക സുരക്ഷിതത്വം നൽകുക എന്ന ലക്ഷ്യം മുൻനിറുത്തിയാണ് സർക്കാർ സാമൂഹ്യസുരക്ഷാ പെൻഷൻ നല്കുന്നത്.പ്രസ്തുത പെൻഷൻ സാമ്പത്തികമായ് പിന്നോക്കം നിൽക്കുന്നവർക്കുവേണ്ടി പരിമിതപ്പെടുത്തിയിട്ടുണ്ട്. ആയതിലേക്കായി ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകൾ വിവിധ നിർവ്വഹണോദ്യോഗസ്ഥർ നേരിൽ പരിശോധിച്ച് അർഹരായവർക്ക് മാത്രം ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം ലഭ്യമായ വിധവ പെൻഷൻ അപേക്ഷകൾ പരിശോധിച്ചപ്പോൾ എല്ലാ അപേക്ഷകളിലും വരുമാനം സംബന്ധിച്ച റിപ്പോർട്ട് യുക്തിസഹമല്ല.ഗുണഭോക്താവിന്റെ റേഷൻ കാർഡിലെ പ്രസ്താവ്യ വരുമാനമാണ് നിർവ്വഹണോദ്യോഗസ്ഥൻ അവലംബിച്ചിരിക്കുന്നത്.ആയതിന് ഭരണസമിതി അംഗീകരിച്ചതായും കാണുന്നു.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | പെൻഷൻ നം | അന്വേഷണ റിപ്പോർട്ടിലെ വാർഷിക വരുമാനം | റേഷൻ കാർഡിലെ പ്രസ്താവ്യ മാസ വരുമാനം | അംഗീകരിച്ച പഞ്ചായത്ത് തീരുമാനം |
|---|---|---|---|---|
| ചന്ദ്രിക പി.കാളിയേടത്ത് | 1825/എ6-1469 /15/6-2-15 | 1680/- | 140/- | പി ആർ നം 2(4)/29-6-15 |

| | | | | |
|---|---|---|---|---|
| | | | | |
| പുഷ്പ പെരുമുഖം ലക്ഷം വീട് കോളനി | എ6-1611/18 /6-2-15 | 4200/- | 350/- | പി ആർ നം 2(4)/29-6-15 |

മേൽ ഗുണഭോക്താക്കളുടെ വാർഷിക വരുമാനം ഒരു തരത്തിലും നിലവിലെ ജീവിത നിലവാരത്തിന് യോജിച്ചതല്ല. ഇതിൽ നിന്ന് നിർവ്വഹണോദ്യോഗസ്ഥൻ അപേക്ഷകരെ നേരിൽ പരിശോധിക്കാതെയാണ് റിപ്പോർട്ട് തയ്യാറാക്കിയതെന്ന് വ്യക്തമാണ്.ഇത്തരത്തിൽ അന്വേഷണറിപ്പോർട്ട് നല്കി ഗുണഭോക്താക്കളെ അംഗീകരിച്ചതിന് വിശദീകരണം നല്കേണ്ടതാണ്.

## 3-18 റോഡിന്റെ ഉപരിതലം മണ്ണിട്ടുയർത്തിയതിന് ശേഷം ക്വാറിമക്കിട്ട പ്രവൃത്തിക്ക് ആധികാരികതയില്ല.

റോഡ് പ്രവൃത്തികളിൽ സംരക്ഷണഭിത്തി കെട്ടുന്നതിനോടൊപ്പം ഉപരിതലം മണ്ണിട്ടുയർത്തുന്ന പ്രവൃത്തിയും ചെയ്തിട്ടുണ്ട്. റോഡ് മണ്ണിട്ടുയർത്തിയതിന് ശേഷം അതേ ഭാഗത്ത് ക്വാറിമക്ക് ഇടുന്നതായും കാണുന്നു. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിലാണ് ക്വാറിമക്കിട്ടതായി പറയുന്നത്. ഐ ആർ സി. സ്പെസിഫിക്കേഷൻ പ്രകാരം വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ മണ്ണിട്ടുയർത്തുകയും ഡ്രെയിനേജ് നിർമ്മിക്കുകയുമാണ് പരിഹാരമാർഗ്ഗമായി നിർദ്ദേശിച്ചിട്ടുള്ളത് (IRC34-2011കാണുക). എന്നാൽ മണ്ണിട്ടുയർത്തിയതിന് മേൽ ക്വാറിമക്കിട്ടതിന്റെ ആധികാരികത വ്യക്തമല്ല.ഗ്രാനുലാർ സബ് ബേസ്(granular subbase)ആയിട്ടാണ് ക്വാറിമക്ക് ഉപയോഗിച്ചതെങ്കിൽ ആയത് ഗ്രേഡ് ചെയ്യിരിക്കണമെന്ന് ഐആർസി സ്പെസിഫിക്കേഷനിൽ പറയുന്നു.ക്വാറി മക്ക് ഗ്രേഡ് ചെയ്തിട്ടില്ലാത്തതിനാൽ ആ രീതിയിൽ ഉപയോഗിച്ചതിന് ആധികാരികതയില്ല. സബ്ഗ്രേഡ് ബലപ്പെടുത്താൻ ക്വാറിമക്ക് ഉപയോഗിക്കണമെങ്കിൽ സബ്ഗ്രേഡിന്റെ സിബിആർ (CBR-california bearing ratio) കുറവാണെന്ന് കാണിക്കുന്നതിനുള്ള ടെസ്റ്റ് റിപ്പോർട്ടുകളും സാങ്കേതിക വിശദീകരണങ്ങളും ലഭ്യമാക്കണമെന്ന് അഡീഷനൽ ചീഫ് സെക്രട്ടറിയുടെ സ്പഷ്ടീകരണ കത്തിലും വിശദമാക്കിയിട്ടുണ്ട്(26.9.2016ലെ718974/Estt-D4/ 16/Fin നമ്പറിലുള്ള കത്ത് കാണുക). പഞ്ചായത്തിന് അധികച്ചെലവ് വരുന്ന മെറ്റീരിയൽ ഉപയോഗിക്കരുതെന്നും കത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്.ഓഡിറ്റ് വർഷങ്ങളിൽ റോഡ് പ്രവൃത്തികളുടെ രേഖകൾ പരിശോധിച്ചതിൽ റോഡുകളിൽ കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്തതായി കാണുന്നു.റോഡുകളെ നാഷ്നൽ ഹൈവേ,സ്റ്റേറ്റ് ഹൈവേ,മേജർ ജില്ലറോഡുകൾ,മറ്റ് ജില്ലറോഡുകൾ,ഗ്രാമീണറോഡുകൾ എന്നിങ്ങനെയാണ് തരംതിരിച്ചിരി ക്കുന്നത്. അധികച്ചെലവ് കാരണം സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് സ്റ്റേറ്റ് ഹൈവേകളിൽ ഒഴിവാക്കി യതായി ഐ.ആർ.സി.സ്പെസിഫിക്കേഷന്റെ ആമുഖത്തിൽ പറയുന്നുണ്ട്.സ്റ്റേറ്റ് ഹൈവേകളിൽ വളവുകളിൽ ഡിപ്(dip)വരുന്ന ഇടങ്ങളിലും ബസ്സ്റ്റേഷനുകൾക്കടുത്തും മാർക്കറ്റിന്റെ ഭാഗങ്ങളിലും വേണമെങ്കിൽ കോൺക്രീറ്റ് ചെയ്യാമെന്നാണ് വിശദീകരിച്ചിട്ടുള്ളത്.കോൺക്രീറ്റ് ചെയ്യുമ്പോൾ സബ് ഗ്രേഡ് നല്ല പോലെ കൺസോളിഡേറ്റ് ചെയ്യാനും എക്സ്പാൻഷന്(expansion)ആവശ്യമായ പ്രൊവിഷൻ ഉൾപ്പെടുത്താനും നിഷ്കർ ഷിക്കുന്നുണ്ട്.മേൽപറഞ്ഞവയല്ലാതെ സ്റ്റേറ്റ് റോഡുകളിൽ ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തിയാണ് ചെയ്യേണ്ടതെന്ന് ഐ.ആർ.സി.യിൽ പ്രതിപാദിച്ചിട്ടുണ്ട്.സ്റ്റേറ്റ് റോഡുകളിൽ പരിമിതമായി ഉപയോഗിക്കാൻ നിർദ്ദേശിച്ചിട്ടുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ് മുനിസിപ്പാലിറ്റി ഗ്രാമീണറോഡുകളിൽ ചെയ്തിട്ടുള്ളത്.ഐ.ആർ.സി.58,ഐ.ഐർ.സി.15-2011 എന്നിവയാണ് കോൺക്രീറ്റ് പേവ്മെന്റിനുള്ള സ്പെ സിഫിക്കേഷനുകൾ.ഇവയൊന്നും ഗ്രാമീണറോഡുകൾക്ക് ബാധകമല്ല.മാത്രമല്ല ഐ.ആർ.സി. സ്പെസിഫിക്കേഷൻ പ്രകാരം ട്രാഫിക്കിന്റെ ആധിക്യം മൂലമുള്ള ലംബദിശയിലുള്ള ലോഡാണ് റോഡിന്റെ ഉപരിതലത്തിന്റെ തരം തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം.അത് കൊണ്ടാണ് സ്റ്റേറ്റ് റോഡുകളിൽ വരെ കോൺക്രീറ്റ് ചെയ്യുന്നത് പരിമിതപ്പെടുത്തിയത്. മുനിസിപ്പാലിറ്റിയിലെ റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് പ്രധാനകാരണമായി പറയുന്നത് മണ്ണിനടിയിൽ നിന്നുള്ള ഉറവയാണ്.ഉറവയെടുക്കുന്നതിന് പരിഹാരമായി കോൺക്രീറ്റ് ചെയ്യാമെന്ന് ഐ.ആർ.സി.സ്പെസിഫിക്കേഷനിൽ പരാമർശിച്ചിട്ടില്ല.സബ് ഗ്രേഡ് ബലപ്പെടുത്തിയുള്ള എംബാങ്മെന്റ് നിർമ്മാണവും (embankment)ഡ്രെയിനേജുമാണ് പ്രതിവിധിയെന്ന് ഐ.ആർ.സി.സ്പെസിഫിക്കേഷനിൽ 305 നം.ഇനത്തിൽ വിശദീകരിക്കുന്നുണ്ട്.വെള്ളക്കെട്ടുള്ള ഭാഗങ്ങളിലും വെള്ളപൊക്കമുള്ള പ്രദേശങ്ങളിലും സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് IRC34ൽ വ്യക്തമാക്കിയിട്ടുണ്ട്.

വാഹനബാഹുല്യം കുറഞ്ഞ റോഡുകളിൽ കോൺക്രീറ്റ് പ്രവൃത്തി ചെയ്യുന്നത് സംബന്ധിച്ച് IRC:SP:62-2014ലാണ് വിവരിക്കുന്നത്.വാഹനങ്ങളുടെ എണ്ണമനുസരിച്ചാണ് ഏത് തരത്തിലുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ് വേണ്ടതെന്ന് നിശ്ചയിക്കുന്നത്.കോൺക്രീറ്റ് ചെയ്യുന്നതിന് മുമ്പ് സബ് ഗ്രേഡ് ബലപ്പെടുത്തുന്നതി നാണ് കൂടുതൽ പ്രാധാന്യം നല്കിയിട്ടുള്ളത്.ക്വാറിമക്കിട്ടതിന് ശേഷം 1:2:4അനുപാതത്തിൽ കോൺ ക്രീറ്റ് ചെയ്യുന്ന പ്രവൃത്തിയാണ് പഞ്ചായത്തിലെ റോഡുകളിൽ നടത്തിയത്.ഇത് ഐ.ആർ.സി.സ്പെസിഫിക്കേ ഷന് വിരുദ്ധമാണെന്ന് പൊതുമരാമത്ത് ചീഫ് എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.(ചീഫ് എഞ്ചിനിയറുടെ 16.10.2012ലെ ഡിബി4-7462/2012തസ്വഭവ നം.കത്ത്)..കൂടാതെ നിർമ്മാണച്ചെലവും റോഡിന്റെ പ്രാധാന്യവും വാഹനങ്ങളുടെ ബാഹുല്യവും പരിഗണിച്ചാവണം കോൺക്രീറ്റ് പ്രവൃത്തി ചെയ്യേണ്ടതെന്നും സബ് ഗ്രേഡിന് ആവശ്യമായ ഉറപ്പ് വരുത്തിയതിന് ശേഷമേ പ്രവർത്തി ചെയ്യാവൂ എന്നും പ്രസ്തുത കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.മറ്റ് വ്യവസ്ഥകൾ പാലിച്ച്1:4:8 അനുപാതത്തിലുള്ള കോൺക്രീറ്റ് 10cm കനത്തിലും 1:2:4അനുപാതത്തിലുള്ള കോൺക്രീറ്റ് 5cm കനത്തിലുമാണ് ചെയ്യേണ്ടതെന്ന് ചീഫ് എഞ്ചിനിയർ വ്യക്ത മാക്കിയിട്ടുണ്ട് (ഡിബി4-9099/2015 /സിഇ/തസ്വഭവ.തീ.28.09.15കത്ത്കാണുക) വാഹനങ്ങളുടെ ബാഹുല്യമുണ്ടെന്ന് കാണിക്കുന്ന സർവ്വെ റിപ്പോർട്ടോ

മറ്റെന്തെങ്കിലും രേഖകളോ ഇല്ലാതെയാണ് റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്തിട്ടുള്ളത്.കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്തത് കാരണവും, മണ്ണിന് പകരം ക്വാറി മക്ക് ഉപയോഗിച്ചത് കാരണവും മുനിസിപ്പാലിറ്റിക്ക് അധിക ചെലവ് സംഭവിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| | പദ്ധതിയുടെ വിവരം | ക്വാറിമക്കിട്ടതിന്റെ അളവും നൽകിയ തുകയും | ക്വാറിമക്കിന് പകരം മണ്ണിട്ടി രുന്നെങ്കിലുള്ള ചെലവ് | അധിക ചെലവ്. |
|---|---|---|---|---|
| 1. | എളമ്പിലാശ്ശേരി പുറ്റേക്കാട് റെയിൽ റോഡ്. പ്രോജക്ട്-എസ്0087/16 . എംബുക്ക്66-/15-16. ബിൽ നം-87/16/28.3.16 1,00000/-രൂപ, (ധനകാര്യകമ്മീഷൻ ഗ്രാന്റ്.)97,760/-ചെക്ക്നം-1508663/26.3.2016 | 103.06എം3@ 1084.03/എം3= 111720.13/- -രൂപ | 103.06എം3@362.17 /എം3 = 37325.24/-രൂപ | 111720.13-37325.24 =74394.89 /-രൂപ |
| 2. | ചിറയിൽ-തടത്തിൽ റോഡ്,പ്രോജക്ട് നം-എസ്0107/16എംബുക്ക് നം-39/2015-16പേജ്-35,36, ചെലവ്-280147/-ചെക്ക്-1508661/26.3.2016 | 13.60@1084.03 = 14742.81/- | 13.60@360.15 =4898.04/- | 9844.77/- |
| 3. | വീണക്കാട്ട് പറമ്പ് ഫുട്ട്പാത്ത്. പ്രോ നം-എസ് 0098/16 ചെലവ്-142588/-ബില്ല് നം-98/16/28.3.'16, - എംബുക്ക് നം-12/2015-16,പേജ്നം-8,9 | 20.38@1064.38 = 21692.06/- | 20.38@360.15 =7339.86 | 21692.06-7339.86 =14352.20 |
| 4. | അത്തിക്കോട് റോഡ് പ്രോജക്ട്നം-എസ്0110/16 ചെലവ്-104000/- ബില്ല്നം-110/16 /31.3.2016, 39791/-ചെക്ക് നം-12500561/16-17 /31.8.16 | 50.34@1064.38 =53580.89 | 50.34@362.17 =18231.64 | 53580.89-18231.64 =35349.25 |

| | | | | |
|---|---|---|---|---|
| | | | | |
| 5 | പാലായിൽ പടിഫുട്പാത്ത്<br>പ്രോജക്റ്റ്നം-എസ്0102/16<br>ചെലവ്-34000/-ബിൽനം-102/16/21.3.2016<br>98580/-ചെക്ക്നം-1508674 /29.3.16<br>എംബുക്ക് നം-33/2015,പേജ്നം-11,12 | 12.34@1064.38 =13134.45 | 12.34@362.17 =4469.18 | 13134.45-4469.18 =8665.27/- |
| 6. | ചീർപ്പുങ്കൽ -പനോളി റോഡ്<br>പ്രോജക്റ്റ്-എസ്099/16<br>ചെലവ്-123140/-ബിൽ നം-99/16/31.8.2015,<br>176860/-ബിൽനം-<br>എംബുക്ക് നം-105/15-16,പേജ്നം-28,29,30മുതൽ33വരെ | 1-ാംബിൽ പ്രകാരം<br>17.52@1085.22 =19013.05/-<br>2-ാം ബിൽ പ്രകാരം<br>2.04@1085.22 =2213.85/- | 1-ാംബിൽ പ്രകാരം17.52@362.17 =6345.22/-<br>2-ാം ബിൽ പ്രകാരം2.04@362.17 =738.83/- | 1-ാംബിൽ പ്രകാരം19013.05-6345.22 =12667.83/-2-ാം ബിൽ പ്രകാരം2213.85-738.83 =1475.02<br>14142.85/- |
| 7. | കോളറങ്ങി ഫുട്ട്പാത്ത്<br>പ്രോജക്റ്റ്നം-എസ്0034/16<br>ചെലവ്-118284/-ബിൽനം34 /16/28/3/16<br>എംബുക്ക്നം-63/14-15 | 6.07@1064.36 =6460.67 | 6.07@360.16 =2186.17 | 6460.67-2186.17 =4274.50/- |
| | ആകെ | | | 161023.73/-: 161024 |

ഒരേവർഷം ഒരേ മാസം തന്നെ വിവിധ പ്രവൃത്തികളിൽ ക്വാറിമക്കിനം, ഗ്രാവലിനം വ്യത്യസ്ത നിരക്ക് നല്കിയിട്ടുള്ളതായിക്കാണന്നു.നിയമ വിരുദ്ധമായി നല്കിയ 161024/-രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ, അളവ് സാക്ഷ്യപ്പെടുത്തിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, നം | മുൻകൂർ നൽകിയ തുക | റിമാർക്സ് |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ജപ്പാൻ കുടിവെള്ള വിതരണ പൈപ്പ്, 137/15-16 | 1,90,71,000 | പ്രവർത്തി ആരംഭിച്ചിട്ടില്ല. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20696995 |
| തൻവർഷം നിക്ഷേപിച്ച തുക | 1940779 |
| ആകെ | 22637774 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 10411491 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 12226283 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്, എഫ് ഡി നമ്പർ 2821 | 2500 |
| മലബാർ കോപ്പറേറ്റീവ് മിൽ ലിമിറ്റഡ് | 3000 |
| ഫറോക്ക് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് എഫ് ഡി നമ്പർ 40004805 | 12220783 |
| ആകെ | 12226283 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഫറോക്ക് ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ

അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം, | ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നം. | വിഷയം |
|---|---|---|---|
| 1997-98, 31 | 31 | 2000-01, 102 | കെട്ടിട ഭൂമി വാടക – ഭീമമായ കുടിശ്ശിക നിലനിൽക്കേ കരാർ പുതുക്കി നൽകി |
| 1999-00 | 28 | 2003-04, 7 | കാലഹരണപ്പെട്ട കെട്ടിട, തൊഴിൽ നികുതികൾ |
| | 51 | 2003-04, 5 | ഭവന നിർമ്മാണം |
| 2000-01 | 12 | 2003-04 (മറ്റ് പരാമർശങ്ങൾ) | ആയുർവ്വേദ ആശുപത്രി സൌകര്യങ്ങൾ വർദ്ധിപ്പിക്കൽ |
| | 19 | 2003-04, 2(5) | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ലക്ഷ്യം കൈവരിച്ചില്ല |
| | 13 | 2003-04 (മറ്റ് പരാമർശങ്ങൾ) | പേരത്തറ റോഡ് റീ മെറ്റലിംഗ് ആന്റ് ടാറിംഗ് |
| 2000-01 (നോൺ പ്ലാൻ | 2(3) | 2005-06, 13 | കെട്ടിട നികുതി - കാലഹരണപ്പെട്ട കുടിശ്ശികകൾ |
| | 2(4) | | തൊഴിൽ നികുതി കാലഹരണപ്പെട്ട കുടിശ്ശികകൾ |
| 2001-02 | 2(1) | 2005-06, 11 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് |
| | 2(11) | 2005-06, 10 | വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിക്ക് തുക അഡ്ജസ്റ്റ് ചെയ്തു. പൊതു ടാപ്പുകളുടെ വിവരം ലഭ്യമല്ല. |
| | 2(13) | 2005-06, 12 | സ്റ്റാറ്റ്യൂട്ടറി ഗ്രാമസഭകൾ വിളിച്ചു ചേർത്തതിലും നടത്തിപ്പിലും വീഴ്ച |
| 2007-08 | 3(1) | 2011-12, 4.18 | വികസന ഫണ്ട് ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,66,83,897 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,48,52,826 |
| വരവിനങ്ങളിലുള്ള നഷ്ടം | 3,836 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4,11,024 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,01,13,790 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 2.7(ഡി) | 1759 | | ശ്രീ.പി.എം.സുരേഷ് ബാബു,സെക്രട്ടറി |
| 3-5 | | 1,00,000 | ശ്രീ.രാധാകൃഷ്ണൻഹെഡ്മാസ്റ്റർ, ശ്രീ.കൃഷ്ണകുമാർ, എ.ഇ.ഒ |
| 3-11 | | 1,50,000 | ശ്രീ.കെ.പി.എം.നവാസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-18 | | 4333 | ശ്രീ.മാർട്ടിൻ ആന്റണി, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 4332 | ശ്രീ. അബ്ദുൾ സലീം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | 76180 | ശ്രീമതി.ഉഷാര.പി.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 76179 | ശ്രീ. അബ്ദുൾ സലീം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 1759 | 411024 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 984096 | ശ്രീ.പി.എം.സുരേഷ് ബാബു,സെക്രട്ടറി |
| 3-4 | 19071,000 | |
| 3-6 | 537792 | ശ്രീമതി രൂപ നാരായണൻ |
| 3-9 | 110502 | ശ്രീ.പി.എം.സുരേഷ് ബാബു,സെക്രട്ടറി |
| 3-10 | 296000 | |
| ആകെ | 20113790 | |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 1985 | ശ്രീ.പി.എം. സുരേഷ്ബാബു, സെക്രട്ടറി |
| 3-10 | 3000 | |

(ഡി).നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ).റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.എം.സുരേഷ് ബാബു, സെക്രട്ടറി | സെക്രട്ടറി<br>ഫറോക്ക് മുനിപ്പാലിറ്റി | ശ്രുതി, ഒലിവിലം (പി.ഒ), ചൊക്ലി, തലശ്ശേരി, കണ്ണൂർ |
| ശ്രീമതി രൂപ നാരായണൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>ഫറോക്ക് മുനിസിപ്പാലിറ്റി | എം.7,N0.25, ഹൌസിംഗ് കോളനി, മലാപ്പറമ്പ്, കോഴിക്കോട് |
| ശ്രീ.കെ.പി.എം.നവാസ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>ഒളവണ്ണ ഗ്രാമപഞ്ചായത്ത് | അക്ഷരം, വൈ.എം.സി.ആർ. റോഡ്, ആർട്ട്സ് കോളേജ്, കോഴിക്കോട് |
| ശ്രീ.രാധാകൃഷ്ണൻ ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ<br>ജി.യു.പി.എസ്.കല്ലൂർ, കോഴിക്കോട് | നവനീതം, ഒറവിൽ, ഉള്ള്യേരി, കോഴിക്കോട് |
| ശ്രീ.കൃഷ്ണകുമാർ.<br>എ.ഇ.ഒ | ലഭ്യമല്ല | കാർത്തിക, അന്നശ്ശേരി, കോഴിക്കോട്. |
| ശ്രീ. മാർട്ടിൻ ആന്റണി അസിസ്റ്റന്റ് എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, പിറവം നഗരസഭ | കുടമാളൂർ കോട്ടേജ്, കുറ്റിപ്പുഴ, പത്തനംതിട്ട |
| ശ്രീമതി. ഉഷാര .പി.ആർ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കടലുണ്ടി | അക്ഷയ, രാമകൃഷ്ണ പണിക്കർ റോഡ്, ഇ.എസ്.ഐ ആശുപത്രിക്ക് സമീപം ഫറൂഖ്, കോഴിക്കോട് |
| ശ്രീ.അബ്ദുൾ സലീം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് കോഴിക്കോട് | മുത്താറമ്മൽ, കുന്ദമംഗലം, കോഴിക്കോട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ (ഗ്രാമപഞ്ചായത്ത്)

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി/പി.2/1485/13(01) 11.11.13 | 6 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി/പി2/1485/13(02)/11.11.13 | 1 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി2/1485/13(01)/11.11.13 | 12 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി2/1485/13(03)/11.11.13 | 2 |
| 2000-01(പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി/പി2/1485/13(4)/11.11.13 | 9 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി2/1485/13(5)/11.11.13 | 2 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി2/1485/13(06)/11.11.13 | 4 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി2/1485/13(7)/11.11.13 | 12 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി2/1485/13(08)/11.11.13 | 4 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി2/1485/13(09/11.11.13 | 16 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി2/578/12 04.05.2012 | 14 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി2/578/12 04.05.2012 | 14 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി2/842/13(06)/15.07.2013 | 25 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി2/1782/11 20.01.2012 | 35 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി2/1443/13 25.10.13 | 38 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/പി2/1244/14 11.06.2014 | 18 |
| 2011-12, 2012-13 | എൽ.എഫ്.കെ.കെ.ഡി/പി2/394/14 16.07.2014 | 34 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി.2/2024/2015, 05.01.2016 | 31 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി.14/124 /2017, 30. 01.2017 | 13 |

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.14/125 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012
തീയ്യതി.30.01.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ, വകുപ്പ്.295 എന്നിവ അനുസരിച്ചും നഗരസഭ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക (01.11.2015 മുതൽ 31.03.2016 വരെ) പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന ഖണ്ഡിക.2.1ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

KSA.KKD-P.14/125/2017

Kerala State Audit Department
District Audit Office
Civil Station, Kozhikode
Ph. 0495 – 2371012
Dated-30.012017

## Audit Certificate

Certified thaht I have audited the Annual Financial Statement of Feroke Municipality (01.11.2015 to 31.03.2016) in Kozhikode District for the year ended on 31.03.2016 in accordance with section. 4 of hte Kerala Local Fund Audit Act 1994, section 295 of the Kerala Muncipality Act 1994, the rules made there under and the guideliness issued by the Comptroller and Auditor General of India for the purpose of audit of accounts of Muncipal Institutions.

In my opinion the Financial Statements of Feroke Muncipality for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Joint Director
Kerala State Audit Department
District Audit Office, Kozhikode.